# വ്യാപാരകേരളം


സമ്പൂർണ്ണ മാസിക

പുസ്തകം 2 ലക്കം 9 പേജുകൾ 45 ഡിസംബർ 2021

18 കവിതകൾ

തലകുനിക്കാതെ

സമകാലികം



## അവാർഡിന് പരിഗണിക്കുന്ന ചുരുക്കപ്പെട്ടികക്ക് പുറത്ത് നല്ല കൃതികൾ ഉണ്ടാകാമെന്ന് വൈശാഖൻ

# എഡിറ്റേഴ്സ് പേജ്



മഞ്ഞുകാലത്തും മഴക്കെടുതികൾ എന്ന അപൂർവ്വതയിലൂടെയാണ് നാം കടന്നുപോകുന്നത്. ദീർഘനാൾ അടച്ചിട്ട വാതിലുകൾ തുറന്നതിന്റെ പ്രത്യാശ പൊലിമ മഴവെള്ളപ്പാച്ചിലിൽ മുങ്ങിപ്പോയി. മുൻവിധികൾക്ക് പിടികൊടുക്കാതെ ഋതുക്കൾ മാറിക്കഴിഞ്ഞു. അമ്പരന്ന് മനുഷ്യനും...


നാൾക്കുനാൾ വില വർധിപ്പിച്ച്, വിലയുടെ കൊടുമുടി കയറിയ ഇന്ധനം, സ്വിച്ചിട്ടതുപോലെ ഒരു നാൾ സ്ഥിരത നേടി. വിവിധ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് അടുത്തതോടെ, തിരിച്ചടി ഭയന്ന ഭരണാധികാരികളുടെ ഈ കൺകെട്ടുവിദ്യ, ജനം മനസ്സിലാക്കിയിട്ടില്ലെന്ന മൂഢസ്വർഗത്തിലാണത്രേ ഈ അധികാരികൾ.

രാജ്യത്തെ ഊട്ടുന്ന കർഷകരുടെ സമരവീര്യവും അധികാരസ്ഥാനങ്ങളിൽ കനത്ത പ്രഹരം ഏൽപ്പിച്ചിട്ടുണ്ട്. ഒരു മാറ്റത്തിന് രാജ്യം തയാറെടുക്കുന്നുവെന്ന സൂചനകൾ പ്രബലമാണ്. സാധാരണക്കാരന്റെ നെഞ്ചിൽ തീ കോരിയിട്ട് രസിച്ചവർക്കുള്ള ചുട്ടമറുപടി, വരും നാളുകളിൽ വിരചിതമാകുമെന്ന പ്രതീക്ഷയും ബലപ്പെട്ടിട്ടുണ്ട്.

ആരെയാണ് വളർത്തേണ്ടത്.... ആരെയാണ് തളർത്തേണ്ടത്... എന്ന ചോദ്യങ്ങൾക്ക്, സാധാരണക്കാരന്റെ മറുപടിയെ ആശ്രയിച്ചാകും തെരഞ്ഞെടുപ്പിലെ വിജയ പരാജയങ്ങൾ. അന്നം തരുന്ന, ശാന്ത ജീവിതാന്തരീക്ഷം വെച്ചുനീട്ടുന്ന, ദുർബലന്റെ കരം തൊടുന്ന ഭരണസംവിധാനത്തിനായുള്ള അവന്റെ നിർബന്ധങ്ങൾക്ക്, കൺകെട്ടുവിദ്യകൾ തടയാകില്ല. ശരിയായത് ചെയ്തുവെന്ന് ഒരിക്കലെങ്കിലും അഹങ്കരിക്കാൻ അവനും അവളും ഒരുങ്ങി കഴിഞ്ഞെന്നാണ് സമീപകാല സൂചനകൾ. ഏറെക്കാലം ദ്രോഹിക്കപ്പെട്ടതിന്റെ പകയാളുന്ന വിരലുകൾ, 'വോട്ട്' എന്ന ആയുധം വേണ്ടവിധം പ്രയോഗിക്കുവാൻ കാത്തിരിക്കുന്നുണ്ട്. നല്ലതിനായി നമുക്കും കാക്കാം.

കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് വൈശാഖനുമായി അശോകൻ സി.ജി നടത്തിയ അഭിമുഖത്തിന്റെ പ്രസക്തഭാഗങ്ങളാണ് ഈ ലക്കം കവർ സ്റ്റോറിയിലുള്ളത്. ഫ്രാങ്കോ ലൂയിസിന്റെ സമകാലികം, ഒരു സവിശേഷ ഗ്രന്ഥത്തിന്റെ പശ്ചാത്തലം വിവരിക്കുന്ന രാജൻ എലവത്തൂരിന്റെ ലേഖനം എന്നിവ ഡിസംബർ ലക്കത്തിന് അലങ്കാരങ്ങളാകുന്നു.

**-സി.ആർ.രാജൻ,**
എഡിറ്റർ



**മുഖചിത്രം: വൈശാഖൻ**
**കേരള സാഹിത്യ അക്കാദമി പ്രസിഡന്റ്**


ഓഫീസ്:
**വ്യാപാരകേരളം**
(സമ്പൂർണ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
റയൻ ജോസഫ്






രാജേശ്വരി തുളസി

# അകത്താളുകളിൽ


| | |
|---|---|
| **കാർട്ടൂൺ കേരളം** | **പേജ്** |
| രാജേശ്വരി തുളസി: | 3 |
| **ലേഖനം/പംക്തി** | |
| കവർ സ്റ്റോറി: അശോകൻ സി.ജി. | 5 |
| കണ്ണീർപ്പാടം: ഫ്രാങ്കോ ലൂയിസ്: | 12 |
| സ്വരശുദ്ധി സംശയനിഴലിൽ: തേജശ്രീ: | 18 |
| അമ്മമാരുടെ നഗ്നതാ പോരാട്ടം: | |
| രാജൻ എലവത്തൂർ | 22 |
| പുസ്തകപരിചയം | 26 |
| **കഥ** | |
| എ.കെ.അനിൽകുമാർ | 21 |
| നിത്യലക്ഷ്മി | 31 |
| നിഥിൻകുമാർ ജെ. പത്തനാപുരം | 43 |
| റസിയ പയ്യോളി | 44 |
| **കവിത** | |
| സെയ്തലവി വിളയൂർ | 4 |
| ബഷീർ മുളിവയൽ | 11 |
| രാജീവൻ മുണ്ടത്തിക്കോട് | 16 |
| സി.വി.സത്യൻ | 24 |
| ബൈജു റാഫേൽ ആലുവ | 24 |
| ദർശന | 25 |
| എം.കപിൽദേവ് | 28 |
| അലിഷ മാഹിൻ | 29 |
| കയ്യുമ്മു കോട്ടപ്പടി | 30 |
| ജയപാലൻ കാര്യാട്ട് | 33 |
| ഹാജറ കെ.എം. | 34 |
| വിനീത ബിജു | 36 |
| ഷബ്ന അബൂബക്കർ | 37 |
| ഡോ. അജയ് നാരായണൻ | 38 |
| രമ്യ സജീഷ് എയ്യാൽ | 39 |
| വി.പി.ജോൺസ് | 40 |
| കെ.സന്തോഷ് | 41 |
| പാളയം അനിൽകുമാർ | 42 |

കവിത

# കുത്ത്



അസ്ഥാനത്ത് ഉരുവിടുന്ന
ചില പ്രയോഗങ്ങൾ
വല്ലാതെ ചങ്കിൽ കുത്താറുണ്ട്..
വാക്കുകളുടെ
ഊക്കൻ കുത്തേറ്റ്
മനം ചിലപ്പോൾ
മുറിഞ്ഞു പിടയാറുണ്ട്..
സഹപാഠിയുടെ
ഇഞ്ചിക്കുത്തിന്റെ വേദന
മുതുകിപ്പോഴും
അനുസ്മരിക്കാറുണ്ട്..
അകലം കൂടുമ്പോഴാണ്
എത്ര വലിയ രൂപവും
നേർത്ത കുത്തായി
പരിണമിച്ചു പോകുന്നത്..
കോമയോടൊപ്പം
കുത്തുമില്ലാതാവുമ്പോഴാണ്
ജീവിതത്തിന് തന്നെ
അർത്ഥ മാറ്റം സംഭവിക്കുന്നത്..
കോളം മാറി
കുത്തുമ്പോഴാണ്
ഉറപ്പിച്ച വിജയങ്ങൾ
പരാജയത്തിന് വഴിമാറുന്നത്..
അലക്കി വെളുപ്പിച്ചിട്ടും
പാതി പിന്നെയും പഴി കേൾക്കുന്നത്
വസ്ത്രത്തിലൊരു കുത്ത്
ബാക്കിയാവുന്നത് കൊണ്ടാണ്..
നിറ വയറിലേക്കുള്ള
അടുത്ത സഞ്ചാര പാത -
യൊരുക്കാനാണ്
പല്ലിനിടകൾ സൂക്ഷ്മതയോടെ
കുത്തപ്പെടുന്നത്..
തൊഴുത്തിൽ കുത്ത്,
പുഴുക്കുത്ത്,
പിന്നിൽ നിന്നുള്ള കുത്ത്,
ഹൃദയത്തിൽ വീഴുന്ന
കറുത്ത കുത്ത്..
കുത്തുകളുടെ അഭ്യാസങ്ങൾ
നിലക്കുന്നില്ല..
പക്ഷെ.,
പേക്കൂത്തുകൾ കാണിക്കുന്ന
കുത്തുകൾക്കാണ്
കവറേജ്
കിട്ടുന്നതെന്ന് മാത്രം..



സെയ്തലവി വിളയൂർ



# 'കഥകളിൽ സമകാലിക ജീവിതം'

**കേ**രള സാഹിത്യ അക്കാദമിക്ക് ഒരു ജനപ്രിയമുഖം സമ്മാനിച്ച അദ്ധ്യക്ഷൻ .., സാഹിത്യത്തെ കൂടുതൽ ജനകീയമാക്കുവാൻ യത്നിക്കുന്ന പ്രിയ കഥാകാരൻ **വൈശാഖൻ മാസ്റ്റർ** ... മനസ്സിന്റെയും പ്രകൃതിയുടേയും ലോല ഭാവങ്ങളെ വളരെ ലാളിത്യത്തോടെ തന്റെ കഥകളിൽ ആവിഷ്കരിക്കുന്ന എഴുത്തുകാരൻ... മലയാളത്തിന് വൈശാഖൻ മാസ്റ്റർ സമ്മാനിച്ച നിത്യ മോഹനങ്ങളായ കഥകളിൽ ജീവിതത്തിന്റെ സമകാലികത വരച്ചു ചേർത്തിരിക്കുന്നു. പെണ്ണിന്റെ.., പ്രകൃതിയുടെ നൈതിക ഭാവങ്ങളാണ് അദ്ദേഹത്തിന്റെ കഥകളിലെ സ്ഥായീഭാവം. ദുരിതാനുഭവങ്ങളുടെ തീഷ്ണപാതകൾ ഏറെ താണ്ടിയാണ് അദ്ദേഹം ഇവിടെവരെയെത്തിയത്. എഴുത്തുകാരൻ , പ്രഭാഷകൻ, സാംസ്കാരിക പ്രവർത്തകൻ എന്നീ നിലകളിൽ ഇന്നും കർമ്മനിരതമായ ജീവിതം ...

**വാർത്താകേരളം** ഓൺലൈൻ വാർത്താപത്രികക്ക് വേണ്ടി അദ്ദേഹവുമായി നടത്തിയ അഭിമുഖത്തിൽ നിന്നും .



തയാറാക്കിയത്:
അശോകൻ.സി.ജി.

1. എഴുത്തിന്റെ വഴിയിലേക്കുള്ള താങ്കളുടെ ആദ്യ ചുവട് വയ്പ് എങ്ങിനെയായിരുന്നു ? പിന്തുണയേകാനും പ്രചോദനമാവാനും ആരെങ്കിലും ഉണ്ടായിരുന്നോ? ആദ്യ രചന ഒരു അപസർപ്പക കഥയാണെന്ന് കേട്ടിട്ടുണ്ട്.

ഉ: എന്റെ കുടുംബ പശ്ചാത്തലം വായനയിലെ ലോകത്തിലേക്ക് എന്റെ കടന്നുവരവിന് തുണച്ചിട്ടില്ല. മാറി മാറി പല സ്കൂളുകളിലായിരുന്നു എന്റെ വിദ്യാഭ്യാസം .അങ്ങിനെ ഒമ്പതാം ക്ലാസ്സിൽ പഠിക്കുമ്പോൾ പാവപ്പെട്ട വീട്ടിലെ കുര്യാക്കോസ് എന്ന ഒരു വിദ്യാർത്ഥിയെ ചങ്ങാതിയായി ലഭിച്ചു. പുസ്തകങ്ങളുമായി ഏറെ ബന്ധമുണ്ടായി

**നവമാധ്യമങ്ങളുടെ കടന്നുകയറ്റം വായനയുടെ ലോകത്ത് ഒരു ഡിജിറ്റൽ വിഭജനം തന്നെ നടത്തിക്കഴിഞ്ഞു. നവമാധ്യമങ്ങളിൽ പ്രത്യേകിച്ച് മുഖപുസ്തകത്താളുകളിൽ ഗൗരവതരമായ വായനകൾ വളരെ കുറവാണ്. പിറന്നാൾ ആഘോഷങ്ങളും വിവാഹ വാർഷികങ്ങളും ലൈക്ക് പ്രതീക്ഷിച്ച് അപ് ലോഡ് ചെയ്യുന്നു. ഡൗൺലോഡിംഗ് കുറവാണ്. ഇവരൊക്കെ ഇ-റീഡിംഗിലേക്ക് മാറുകയാണെങ്കിൽ ആയിരക്കണക്കിന് പുസ്തകങ്ങളാണ് കൈക്കുള്ളിൽ ഇരിക്കുന്നത്. കാഴ്ച പരിമിതിയുള്ളവർക്ക് പുസ്തകങ്ങൾ കേൾക്കുകയും ആകാം.**

രുന്ന ആ സുഹൃത്താണ് ആദ്യമായി എന്നെ ഒരു വായനശാലയിലേക്ക് കൊണ്ടു പോകുന്നത്. ഞാൻ വായിക്കുന്ന ആദ്യത്തെ പുസ്തകം കെ.ദാമോധരന്റെ 'മനുഷ്യൻ' ആണ്.

ആ കാലത്ത് സ്കൂൾ തലത്തിൽ ഇറങ്ങിയ ഒരു കൈയെഴുത്ത് മാസികയിലാണ് എന്റെ കഥ ആദ്യമായി പുറത്തു വരുന്നത്.

കുര്യാക്കോസ് പിന്നീട് വലിയ തൊഴിലാളി നേതാവായി വളർന്നു... ഇപ്പോൾ ജീവിച്ചിരിപ്പില്ല.

2. വായനയുടെ തുടക്കക്കാലത്ത് സ്വാധീനിച്ച കൃതികൾ തുറന്നിട്ട വാതായനങ്ങളിലൂടെയായിരുന്നുവല്ലോ പുസ്തക ലോകത്തേക്കുള്ള പ്രവേശനം. ആദ്യം വായിച്ചത് കെ.ദാമോദരനെയാണെങ്കിലും സ്വാധീനിച്ചത് റെസ്സൽ ആണെന്ന് താങ്കൾ എഴുതിയിരുന്നു..?.

അതുപോലെ മലയാളത്തിലും, ലോക സാഹിത്യത്തിലും താങ്കളെ ഏറെ സ്വാധിനിച്ച കൃതികൾ ... എഴുത്തുകാർ മറ്റാരൊക്കെയാണ്..?

ഉ: കെ.ദാമോദരന്റെ മനുഷ്യൻ എന്ന കൃതി വായിച്ചതിനു ശേഷം എന്റെ വായനയിൽ കഥ, കവിത, നോവൽ എന്നീ വിഭാഗങ്ങളെ കൂടാതെ ശാസ്ത്രസാഹിത്യവും തത്വജ്ഞാനവും കൂടി ഉൾപ്പെടുത്തി. അങ്ങിനെയാണ് റെസ്സലിന്റെ കൃതികളുടെ സ്വാധീനത്തിലാകുന്നത്. ലോകസാഹിത്യത്തിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ട കൃതികളാണ് ഹെമിംഗ് വേയുടെ 'കിഴവനും കടലും സ്റ്റീൻ ബക്കിന്റെ 'പേൾ' .. ഉം. എന്റെ ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് മാറ്റാൻ സഹായിച്ച പുസ്തകമാണ് പേൾ (മുത്ത്). ഡെസ്റ്റോ വിസ്കി, ടോൾസ്റ്റോയി, ആന്റൺ ചെക്കോവ് എന്നിവരാണ് എന്നെ സ്വാധീനിച്ച മറ്റ് വിദേശ എഴുത്തുകാർ.. മലയാളത്തിൽ കാരൂർ നീലകണ്ഠപ്പിള്ള, പൊൻകുന്നം വർക്കി, ബഷീർ, തകഴി, പി.കേശവദേവ് എന്നിവരും പുതിയ തലമുറയിലെ എം.ടി വാസുദേവൻ നായർ, ടി.പത്മനാഭൻ, മാധവിക്കുട്ടി എന്നിവരും എനിക്ക് പ്രിയപ്പെട്ട എഴുത്തുകാരാണ്.

പക്ഷേ എന്റെ എഴുത്തു വഴിയിൽ ഇവരാരും എന്നെ സ്വാധീനിച്ചു എന്ന് പറയാൻ കഴിയില്ല..

3. പ്രവാസി സാഹിത്യം, ദളിത് സാഹിത്യം, പെണ്ണെഴുത്തുകൾ ഇങ്ങനെ സാഹിത്യത്തെ അതിർത്തി തിരിക്കാമോ..? ആരെഴുതിയാലും സാഹിത്യം... അത് ഒന്ന് തന്നെ അല്ലേ...

ഉ: പെണ്ണെഴുത്ത് , പ്രവാസി എഴുത്ത് ,ദളിത് രചന തുടങ്ങിയ അതിർത്തി തിരിവൊന്നും സാഹിത്യത്തിൽ ആവശ്യമില്ല. സ്ത്രീപക്ഷ രചനകൾ തുടങ്ങിയ വീക്ഷണങ്ങൾ ആകാം. മറ്റു രീതിയിലാണെങ്കിൽ തൃശൂർ സാഹിത്യം , വയനാടൻ രചന എന്നൊക്കെ പറയേണ്ടി വരും..

4. നവമാധ്യമങ്ങൾ സർഗ്ഗാത്മക എഴുത്തിനെ സംബന്ധിച്ച് ഗുണം ചെയ്യുമോ...?

പുതിയ കാലത്തെ എഴുത്ത്, ഡിജിറ്റൽ വായന ..., ഇതിനെ കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ്....?

ഉ: നവമാധ്യമങ്ങളുടെ കടന്നുകയറ്റം വായനയുടെ ലോകത്ത് ഒരു ഡിജിറ്റൽ വിഭജനം തന്നെ നടത്തിക്കഴിഞ്ഞു. നവമാധ്യമങ്ങളിൽ പ്രത്യേകിച്ച് മുഖപുസ്തകത്താളുക

ളിൽ ഗൗരവതരമായ വായനകൾ വളരെ കുറവാണ്. പിറന്നാൾ ആഘോഷങ്ങളും വിവാഹ വാർഷികങ്ങളും ലൈക്ക് പ്രതീക്ഷിച്ച് അപ് ലോഡ് ചെയ്യുന്നു. ഡൗൺലോഡിംഗ് കുറവാണ്. ഇവരൊക്കെ ഇ-റീഡിംഗിലേക്ക് മാറുകയാണെങ്കിൽ ആയിരക്കണക്കിന് പുസ്തകങ്ങളാണ് കൈക്കുള്ളിൽ ഇരിക്കുന്നത്. കാഴ്ച പരിമിതിയുള്ളവർക്ക് പുസ്തകങ്ങൾ കേൾക്കുകയും ആകാം. 'കാരമസോവ് സഹോദരന്മാർ' തുടങ്ങിയവിശ്വപ്രസിദ്ധ കൃതികൾ വരെ ഇതിൽ ഉൾപ്പെടുന്നുണ്ട്. ഒരു നല്ല മൊബൈലൊ, ഒരു ലാപ്ടോപ് ഉണ്ടെങ്കിൽ കൈയിൽ ഒരു മിനി ലൈബ്രറി വായിക്കാനും കേൾക്കാനുമായി കൊണ്ടു നടക്കാം.

**5. നവമാധ്യമങ്ങൾ എല്ലാ മേഖലകളിലും വളരെ സജീവമായ വർത്തമാനകാലത്ത് പുസ്തകവായനയുടെ പ്രസക്തി നഷ്ടപ്പെടുന്നു ന്നതായി തോന്നുന്നുണ്ടോ?**

**വായനയുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വർത്തമാനകാലത്ത് ആളുകൾ എന്തിനോ വേണ്ടി ഓടിപ്പായുകയാണ്. സന്തോഷം തേടി അലയുകയാണ്. സന്തോഷം അവനവന്റെ മനസ്സിന്റെ ഉള്ളിലാണെന്ന യാഥാർത്ഥ്യം ആരും അറിയുന്നില്ല..**

ഉ: ശരിയാണ് .. വായനയുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വർത്തമാനകാലത്തു ആളുകൾ എന്തിനോ വേണ്ടി ഓടിപ്പായുകയാണ്. സന്തോഷം തേടി അലയുകയാണ്. സന്തോഷം അവനവന്റെ മനസ്സിന്റെ ഉള്ളിലാണെന്ന യാഥാർത്ഥ്യം ആരും അറിയുന്നില്ല..

ഇപ്പോൾ അവരുടെ മുന്നിൽ എത്രയോ വേദികൾ തുറന്ന് കിട്ടിയിരിക്കുന്നു. ഫെയ്സ് ബുക്ക്, വാട്സപ് മെസഞ്ചർ, ഇൻസ്റ്റഗ്രാം, ടിറ്റർ കൂടാതെ OTP പ്ലാറ്റ്ഫോമും . ഈയിടെ OTP യിൽ വന്ന ഒരു സിനിമയിലെ തെറിയഭിഷേകം മാധ്യമങ്ങളിൽ ഇപ്പോഴും ചർച്ചയാണ്.

ഇത്തരം നവമാധ്യമങ്ങൾ ഏറെയുണ്ടെങ്കിലും നമ്മുടെ മനസ്സിനെ നവീകരിക്കുന്നതിനും ചിന്തകളെ ഉദ്ദീപിക്കുന്നതിനും പുസ്തകങ്ങൾക്കു മാത്രമേ കഴിയൂ.

**6. നവമാധ്യമങ്ങളിൽ പ്രത്യേകിച്ച് മുഖപുസ്തക താളുകളിൽ പുതുനാമ്പുകളുടെ ധാരാളം സർഗ്ഗാത്മക സൃഷ്ടികൾ പ്രത്യക്ഷപ്പെടുന്നുണ്ട്. അവക്ക് ശ്രദ്ധിക്കപ്പെടുന്ന ഒരിടം സൃഷ്ടിക്കാൻ സാഹിത്യ അക്കാദമി മുൻകൈയെടുക്കുമോ?**

ഉ: തീർച്ചയായും .. ഇതുവരെ അങ്ങിനെ ഒന്ന് ഉണ്ടായിരുന്നില്ല.കഴിഞ്ഞവർഷം ആദ്യമായി നവ മാധ്യമങ്ങളിൽ സർഗ്ഗാത്മക സൃഷ്ടികൾ എഴുതുന്നവരെ കണ്ടെത്തി കൊരട്ടി മൂഴിക്കുളം ശാലയിൽവച്ച് അക്കാദമിയുടെ നേതൃത്വത്തിൽ ഒരു ശില്പശാല നടത്തുകയുണ്ടായി. ആയതിൽ 60 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. പ്രമുഖ സാസ്കാരിക പ്രവർത്തകർ ക്ലാസ്സുകൾ നയിച്ചു.

**7. സാഹിത്യ അക്കാദമിയുടെ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വെറും വാർത്താബുള്ളറ്റിനുകളിലൊതുങ്ങാതെ പുതു എഴുത്തുകാരുടെ സൃഷ്ടികളെ പരിഗണിക്കാവുന്നതല്ലേ?**

ഉ: സാഹിത്യ അക്കാദമിക്ക് പുസ്തക പ്രസിദ്ധീകരണത്തിന് ചില മാനദണ്ഡങ്ങളുണ്ട്.

1. മറ്റു പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിക്കാത്ത വിശിഷ്ട ഗ്രന്ഥങ്ങൾ
2. മൂല്യമുള്ള പഴയ ഗ്രന്ഥങ്ങൾ
3. ഗവേഷണ പ്രാധാന്യമുള്ള ഗ്രന്ഥങ്ങൾ
4. സർഗ്ഗാത്മക സാഹിത്യങ്ങൾ ..

ഇതൊഴിച്ച് മറ്റ് ഗ്രന്ഥങ്ങൾ അക്കാദമി പ്രസിദ്ധീകരിക്കാറില്ല.

**8. വിദ്യാഭ്യാസകാലം മുതൽക്കേ താങ്കൾക്ക് ഒരു പാട് പ്രദേശങ്ങൾ സഞ്ചരിക്കാനിടവന്നിട്ടുണ്ട്. മൂവാറ്റുപുഴയിൽ നിന്നും തുടങ്ങി ജോലിയുടെ ഭാഗമായി കേരളമടക്കം മൂന്ന് സംസ്ഥാനങ്ങൾ .. പിന്നീട് പാലക്കാട് , ഇപ്പോൾ തൃശൂർ ... ഇത്രയും പ്രദേശങ്ങളിൽ താങ്കളെ മാനസികമായും, വൈകാരികമായും ചേർത്തുനിർത്തിയ സ്ഥലം ..?**

**റയിൽവേ സർവ്വീസ് ഒരിക്കലും സാഹിത്യരചനക്ക് അനുകൂലമല്ലായിരുന്നു. അന്നും ഇന്നും മേലുദ്യോഗസ്ഥരുടെ അനുവാദത്തോടെ മാത്രമെ നമ്മുടെ രചനകളുടെ വെളിച്ചം കാണൽ സാധ്യമാകൂ.. അക്ഷരങ്ങളിൽ നിന്നും അകന്ന് നിൽക്കേണ്ട അവസ്ഥ. 30 കി. സഞ്ചരിച്ചാൽ മാത്രമേ വായിക്കാനായി പുസ്തകങ്ങൾ ലഭ്യമാകൂ .. ഏറ്റവും വലിയ ഗുണം ചിന്തിക്കാൻ ഏറെ സമയം കിട്ടും എന്നതാണ്.**

കാരണം?

ഉ: ഞാൻ കേരളമടക്കം മൂന്ന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലായി 48 വസതികളിൽ താമസിച്ചിട്ടുണ്ട്. നിരവധി തരത്തിലുള്ള പട്ടിണി പാവങ്ങളുമായി ബന്ധപ്പെടാൻ അവസരം ലഭിച്ചിട്ടുണ്ട്. ജോലിയിൽ നിന്നും സ്വയം വിരമിച്ചതിനു ശേഷം ഏറ്റവും കൂടുതൽ കാലം ഞാൻ താമസിച്ചത് പാലക്കാടാണ്. എന്റെ അച്ഛനും അമ്മയും പ്രിയ പത്നിയും മരിച്ചതു പാലക്കാട് വച്ചുതന്നെ. ഒരുപാട് നല്ല സുഹൃത്തുക്കൾ ഇപ്പോഴും എനിക്കവിടെയുണ്ട്. ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്ന നാട് പാലക്കാടാണ്. പിന്നെ തൃശൂരും.

9. ' നിഴൽ യുദ്ധം ' എന്ന കഥയാണല്ലോ റെയിൽവേയുമായി ബന്ധപ്പെട്ട് താങ്കൾ എഴുതി പ്രസിദ്ധീകരിച്ച ആദ്യ കഥ.. ഇന്നും ബ്രിട്ടീഷ് കൊളോണിയൽ നിയമങ്ങൾ പിന്തുടരുന്ന റെയിൽവേ സർവ്വീസിൽ അക്കാലത്ത് സാഹിത്യരചനക്ക് ഏതെങ്കിലും തടസ്സങ്ങൾ നേരിട്ടിരുന്നോ?

ഉ: റയിൽവേ സർവ്വീസ് ഒരിക്കലും സാഹിത്യരചനക്ക് അനുകൂലമല്ലായിരുന്നു. അന്നും ഇന്നും മേലുദ്യോഗസ്ഥരുടെ അനുവാദത്തോടെ മാത്രമെ നമ്മുടെ രചനകളുടെ വെളിച്ചം കാണൽ സാധ്യമാകൂ.. അക്ഷരങ്ങളിൽ നിന്നും അകന്ന് നിൽക്കേണ്ട അവസ്ഥ. 30 കി. സഞ്ചരിച്ചാൽ മാത്രമേ വായിക്കാനായി പുസ്തകങ്ങൾ ലഭ്യമാകൂ .. ഏറ്റവും വലിയ ഗുണം ചിന്തിക്കാൻ ഏറെ സമയം കിട്ടും എന്നതാണ്. ഏകാന്തത എന്റെ എഴുത്തിനെ ഏറെ സഹായിച്ചിട്ടുണ്ട്. വിപരീതങ്ങളിൽ ജീവിക്കാനുള്ള അവസരം. പ്ലാറ്റ്ഫോറത്തിലെ ഒറ്റ ബെഞ്ചിൽ കിടന്നാണ് അനേക രാത്രികളിൽ ഉറങ്ങിയിട്ടുള്ളത്.

ഉള്ള സൗകര്യങ്ങളിൽ ജീവിക്കാൻ പഠിച്ചു. അതു കൊണ്ട് തന്നെ പ്രത്യേക ശാഠ്യങ്ങളൊ നിബന്ധന ഇന്നും ജീവിതത്തിലില്ല.

10 .'വൈശാഖൻ 'എന്ന തൂലിക നാമം സ്വീകരിക്കാൻ പ്രേരണയായത് അന്നത്തെ റെയിൽവേ നയം തന്നെയല്ലേ?

ഉ: അതെ. ഒരു കഥ സ്വന്തം പേരിൽ പ്രസിദ്ധീകരിച്ചു. പിന്നീട് 'നിഴൽ യുദ്ധം ' എന്ന കഥ പ്രസിദ്ധീകരിക്കേണ്ടി വന്നപ്പോൾ റയിൽവേയിലെ പ്രത്യേക അവസ്ഥ കാരണം 'വൈശാഖൻ ' എന്ന തൂലിക നാമത്തിലേക്ക് മാറി. ആ സമയം വൈശാഖ മാസമാകയാലും അന്നെനിക്കുണ്ടായിരുന്ന കടുത്ത ആസ്തമക്ക് ശമനമുണ്ടാകുന്ന മാസമായതിനാലുമാണ് വൈശാഖൻ എന്ന പേർ തൂലിക നാമമായി സ്വീകരിച്ചത്.

11. റെയിൽവേ ജോലി സ്വമേധയാ രാജി വച്ചതിനു ശേഷം പാലക്കാട് കുറേ വർഷങ്ങൾ പാരലൽ കോളെജ് നടത്തിപ്പിൽ ആയിരുന്നു താങ്കൾ എന്ന് കേട്ടിട്ടുണ്ട്. ആ മേഖല കഥയെഴുത്തിന് എങ്ങിനെ ഊർജ്ജം പകരുകയുണ്ടായി?

ഉ .. പാലക്കാട് പാരലൽ കോളെജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്നു. സ്വഭാവികമായും തയ്യാറെടുപ്പിന്റെ ഭാഗമായി ധാരാളം ഇംഗ്ലീഷ് ക്ലാസ്സിക്ക് കൃതികൾ വായിക്കേണ്ടി വന്നിട്ടുണ്ട്. ഇത് എന്റെ എഴുത്തു വഴിയിൽ ഏറെ പ്രയോജനം ചെയ്തിട്ടുണ്ട്. ഏതാണ്ട് പത്ത് വർഷത്തോളം അവിടെ അധ്യാപകനായി ജോലിയി ലുണ്ടായിരുന്നു.

12. താങ്കളുടെ ഭൂരിപക്ഷം കഥകളും റെയിൽവേയുമായി ബന്ധപ്പെട്ട സാധാരണക്കാരുടെ നോവടയാളങ്ങളായിരുന്നു. മലയാള സാഹിത്യത്തിൽ ആദ്യമായി താങ്കളിൽ കൂടിയായിരിക്കും റയിൽവേ സംബന്ധിച്ച കഥകൾ വരുന്നത്.

20 വർഷത്തെ റയിൽവേയിലെ ഔദ്യോഗിക ജീവിതത്തിന്നിടയിൽ മനസ്സിനെ സ്പർശിച്ച നൊമ്പരക്കാഴ്ചകളിനിയും ശേഷിപ്പുണ്ടാകുമൊ?

ഉ: എന്റെ കഥകളിൽ ഭൂരിഭാഗവും റയിൽവേ കഥകളല്ല. 170 ൽ പരം കഥകളെഴുതിയതിൽ 30 എണ്ണം മാത്രമേ റയിൽവേ ജീവിതമായി ബന്ധപ്പെട്ട കഥകളുള്ളൂ. ഇനിയും ആ മേഖലയെ സംബന്ധിച്ച് എഴുതാൻ ഒന്നും ബാക്കിയില്ല. ഒരു നോവലെഴുത്തിന്

എന്നെപ്പോലെ ഒരു മടിയനെക്കൊണ്ട് കഴിയില്ല.അതിന് വിശാലമായ ഒരു കാൻവാസ് തന്നെ വേണം.

**13. റെയിൽവേയിലെ ജോലിയിൽ നിന്നും താങ്കൾ സ്വയം വിരമിക്കുകയായിരുന്നുവല്ലോ. മുഴുവൻ സമയ സാഹിത്യ പ്രവർത്തനത്തിനു വേണ്ടിയായിരുന്നുവോ അന്ന് ജോലി ഉപേക്ഷിച്ചത്?**

ഉ: റെയിൽവേ ജോലിയിൽ നേരിടേണ്ടി വന്നിരുന്ന അസ്വാതന്ത്ര്യവും സാഹിത്യരചനക്ക് കൂടുതൽ സമയം കണ്ടെത്താമെന്ന ചിന്തയും 20 വർഷം പൂർത്തിയായി സ്വയം വിരമിക്കുമ്പോഴുണ്ടായിരുന്നു. എങ്കിലും വിരമിച്ചതിനു ശേഷം 10 വർഷത്തോളം പാലക്കാട് പാരലൽ കോളെജ് അധ്യാപകനായി തുടരുകയാണ് ചെയ്തത്.

**14. സാഹിത്യ അക്കാദമിയുടെ ഇരുപത്തി ഒന്നാമത്തെ പ്രസിഡണ്ട് ആയാണ് താങ്കൾ എത്തുന്നത്.അക്കാദമിക്കൊരു ജനകീയ മുഖം കൈവന്നുവെന്ന് എല്ലാവരും വിശ്വസിക്കുന്നു. സാഹിത്യത്തെ കൂടുതൽ ജനകീയമാക്കുവാൻ എന്താണ് താങ്കളുടെ മനസ്സിലുള്ള കർമ്മപദ്ധതി ?**

ഉ: ഞാൻ പ്രസിഡണ്ടായി ചുമതലയേറ്റ കമ്മിറ്റി പതിവു രീതിയിൽ നിന്ന് വ്യത്യസ്ഥമായി ഒരു പാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്.. മത്സ്യതൊഴിലാളികൾക്ക് വേണ്ടി മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ക്യാമ്പ് .. ക്യാമ്പിൽ കടലിനെ കുറിച്ച് അറിയുന്നതിന് ക്ലാസ്സുകളും സിനിമകളും, മെഡിക്കൽ വിദ്യാർത്ഥികൾക്കും ഡോക്ടർമാർക്കും വേണ്ടി പുന്നയൂർക്കുളത്ത് കമല സുരയ്യ സ്മാരക മന്ദിരത്തിൽ ക്യാമ്പ്, കുടുംബശ്രീ പ്രവർത്തകർക്ക് വേണ്ടി കോഴിക്കോട് വച്ച് നടത്തിയ നാലു ദിവസത്തെ ക്യാമ്പ്, 'വിദ്യാലയവും കലാ സാഹിത്യവും 'എന്ന പ്രോഗ്രാമിന്റെ ഭാഗമായി 200 ഓളം കുട്ടികളെ പങ്കെടുപ്പിച്ച് അക്കാഡമി കാമ്പസിൽ 2016 , 2017 , 2018 വർഷങ്ങളിൽ നടത്തിയ ക്യാമ്പുകൾ. ഇതൊക്കെ കൊറോണക്കാലത്തിന് മുൻപ് നടത്തിയ പരിപാടികളാണ്.

അക്കാദമിയുടെ ജനകീയ ക്യാമ്പുകളുടെ പ്രവർത്തനങ്ങളെല്ലാം വിജയകരമായി നടത്താൻ അക്കാദമി സെക്രട്ടറി ഡോ. കെ.പി. മോഹനന്റെയും അക്കാദമി നിർവാഹക സമിതിയുടെയും ജീവനക്കാരുടെയും അർപ്പണബോധത്തോടെയുള്ള പങ്കാളിത്തമാണ് സഹായകരമായത്.

**15. എന്നും വിവാദങ്ങളിൽ നിന്നും ഒഴിഞ്ഞു നില്കാൻ ആഗ്രഹിക്കുന്ന ആളാണല്ലോ താങ്കൾ .. ഇത്തവണത്തെ സാഹിത്യ അക്കാദമി അവാർഡ് നിർണ്ണയത്തിലെ സുതാര്യതയെക്കുറിച്ച് സാമൂഹ്യ മാധ്യമങ്ങളിൽ വന്ന ആരോപണങ്ങൾക്ക് താങ്കൾ കുറിച്ച മറുപടി ഏറെ ശ്രദ്ധേയമായിരുന്നു. അതിന് പ്രേരകമായ ഘടകം**

ഉ: അക്കാദമി അവാർഡ് നടപടികളെക്കുറിച്ച് ജനങ്ങൾ തികച്ചും അജ്ഞരാണ്. അവാർഡ് നിർണ്ണയത്തിന് ഒരു സമിതിയെ നിയോഗിച്ചാൽ ഒരു വിധത്തിലുള്ള സ്വാധീനവും അവിടെ നടക്കില്ല. പ്രസിഡണ്ടായ ഞാൻ വിചാരിച്ചാൽ പോലും ഒന്നും നടക്കില്ല. നല്ല പുസ്തകങ്ങൾ അവഗണിക്കപ്പെട്ടു എന്നാണ് ആരോപണം. ചുരുക്കപ്പട്ടിക നോക്കിയാണ് വിലയിരുത്തൽ .. നൂറു കണക്കിന് പുസ്തകങ്ങൾ അവാർഡിനായി പരിഗണിക്കുമ്പോൾ ഏറ്റവും മികച്ചതല്ലേ പുരസ്കാരം നേടൂ..

ചുരുക്കപ്പട്ടികക്ക് പുറത്തും നല്ല കൃതികളുണ്ടാകാം.

ഏറ്റവും മികച്ചത് തന്നെയാണ് പട്ടികയിലുള്ളത്.

**ചുരുക്കപ്പട്ടിക നോക്കിയാണ് വിലയിരുത്തൽ .. നൂറു കണക്കിന് പുസ്തകങ്ങൾ അവാർഡിനായി പരിഗണിക്കുമ്പോൾ ഏറ്റവും മികച്ചതല്ലേ പുരസ്കാരം നേടൂ..**

**ചുരുക്കപ്പട്ടികക്ക് പുറത്തും നല്ല കൃതികളുണ്ടാകാം.**

**ഏറ്റവും മികച്ചത് തന്നെയാണ് പട്ടികയിലുള്ളത്.**

**16. വായനക്കാരെയും എഴുത്തുകാരെയും ആകർഷിക്കുന്ന നവീന ജനകീയ പദ്ധതികളുമായി സാഹിത്യ അക്കാദമി സമൂഹത്തിലേക്കിറങ്ങിച്ചെല്ലാനൊരുങ്ങുന്നതായി അറിയുന്നു .. വിശദീകരിക്കാമൊ?**

ഉ: കോവിഡിന്റെ പശ്ചാത്തലത്തിൽ നിലച്ച ജനകീയ പ്രവർത്തനങ്ങൾ വീണ്ടും ആരംഭിക്കണം. നാട്ടികയിലും വിഴിഞ്ഞത്തും

മത്സ്യതൊഴിലാളികൾക്കായി ക്യാമ്പ് നടത്താൻ പദ്ധതിയുണ്ട്.

ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് വേണ്ടിയും ജനകീയക്യാമ്പ്  നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**17. ശൈഥല്ല്യത്തിന്റെ ശക്തികൾ ബുദ്ധിശൂന്യമായ പുനരുദ്ധാന പ്രവർത്തനങ്ങളും ജനവിരുദ്ധ ഇടപെടലുകളും നടത്തുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. മുൻപേ പറക്കേണ്ട പക്ഷികളാണ് സാംസ്കാരിക പ്രവർത്തകർ .ദേശീയ ഐക്യം സംരക്ഷിക്കാനും രാജ്യത്തിന്റെ അഖണ്ഡതക്ക് വേണ്ടത്ര പ്രാധാന്യം നൽകാനും ഉള്ള ഉണർവ്വ് നമ്മുടെ സാംസ്കാരിരംഗത്ത് ഉണ്ടാകുന്നുണ്ടോ?**

ഉ. നമ്മുടെ സാംസ്കാരിക രംഗം ഉണർന്ന് തന്നെ ഇരിക്കുകയാണെന്നാണ് എന്റെ അഭിപ്രായം. മാധ്യമങ്ങൾ എഴുത്തുകാരെയും സാംസ്കാരിക പ്രവർത്തകരെയും തഴയുകയാണ്. ഒരു സിനിമ താരത്തിനൊ, ക്രിക്കറ്റ് താരത്തിനൊ കൊടുക്കുന്ന പരിഗണന മാധ്യമങ്ങൾ സാംസ്കാരിക പ്രവർത്തകർക്ക് നൽകുന്നില്ല . നമ്മുടെ എഴുത്തുകാർക്ക് ശാസ്ത്രബോധം ഉണ്ടാകണം. സാഹിത്യവും ശാസ്ത്രവും ഒന്നിച്ചു പോകണം. ഇതിന് ശാസ്ത്രസാഹിത്യ പരിക്ഷത്ത്  പ്രവർത്തിച്ചതുകൊണ്ട് മാത്രം കാര്യമില്ല. ശാസ്ത്രത്തെ തള്ളി പറയുന്ന പ്രവണത മാറണം. നെഹ്റുവിനെപ്പോലുള്ള ശാസ്ത്രബോധമുള്ള, യുക്തിയുള്ള ഭരണാധികാരികളാണ് നമുക്ക് വേണ്ടത് .നമ്മുടെ സാംസ്കാരിക പ്രവർത്തകർക്ക് യുക്തിബോധവും ശാസ്ത്രബോധവും അനിവാര്യമാണ്.

> **സാഹിത്യവും ശാസ്ത്രവും ഒന്നിച്ചു പോകണം. ഇതിന് ശാസ്ത്രസാഹിത്യ പരിക്ഷത്ത്  പ്രവർത്തിച്ചതുകൊണ്ട് മാത്രം കാര്യമില്ല. ശാസ്ത്രത്തെ തള്ളി പറയുന്ന പ്രവണത മാറണം. നെഹ്റുവിനെ പോലുള്ള ശാസ്ത്രബോധമുള്ള, യുക്തിയുള്ള ഭരണാധികാരികളാണ് നമുക്ക് വേണ്ടത് .നമ്മുടെ സാംസ്കാരിക പ്രവർത്തകർക്ക് യുക്തിബോധവും ശാസ്ത്രബോധവും അനിവാര്യമാണ്.**

**18. ഒരു എഴുത്തുകാരൻ അല്ലെങ്കിൽ നല്ലൊരു വായനക്കാരൻ എന്ന നിലയിൽ പുതിയ എഴുത്തുകാരുടെ സൃഷ്ടികൾ,അതു കഥയാകട്ടെ,കവിതയാകട്ടെ, നോവലാകട്ടെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു ?**

ഉ: ഞാൻ ആവുന്നിടത്തോളം പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്ന ആളാണ്. പുതിയ തലമുറയിൽ കഴിവുറ്റ ധിഷണശാലികളായ എഴുത്തുകാരുണ്ട്. എണ്ണത്തിൽ കുറവാണെങ്കിലും എഴുത്തിൽ തങ്ങളുടെ പ്രതിഭ തെളിയിച്ചവർ ആണ്.പുതിയ എഴുത്തുകാരുടെ ഏറ്റവും കൂടുതൽ പുസ്തകം പ്രകാശനം ചെയ്യാനായി എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്.

**19. താങ്കളുടേതായി പ്രസിദ്ധീകരിക്കപ്പെട്ട കൃതികൾ പല ഭാഷകളിലേക്കും മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ എഴുതപ്പെട്ടതിൽ ഏറ്റവും സ്വീകാര്യമായത് ഏതാണ്?**

**ഇന്നും താങ്കൾ മനസ്സിൽ  ചേർത്തുനിർത്തുന്ന രചന ഏതാണ്?**

ഉ: അങ്ങിനെ ഒരു രചന എടുത്തു പറയാനില്ല പാലക്കാടൻ ഭാഷയും സംസ്കാരവും എടുത്തു കാണിക്കുന്ന 'വണ്ടിവേഷം ', തൃശൂർ ഭാഷയും സംസ്കാരവും ഉള്ള 'സൈലൻസർ ' , ഗരുഡൻ തൂക്കം ' ഇതൊക്കെ ഇഷ്ടപ്പെട്ട കഥകളാണ്. അങ്ങിനെ നെഞ്ചോട് ചേർത്തു നിർത്താവുന്ന വേറെയും കുറച്ചു കഥകളുണ്ട്. കഥകളിൽ പലതും വിവിധ ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്ത് പോയിട്ടുണ്ട്.. ചില കഥകൾക്ക് വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോയെന്ന് തോന്നിയിട്ടുണ്ട്. മലയാളത്തിൽ സി.വി.ശ്രീരാമനും ഞാനും നിരൂപകരുടെ അർഹമായ പരിഗണന ലഭിക്കാതെ പോയവരാണ്.

**20. കുടുംബം ...?**
**കൂടെ ആരൊക്കെയുണ്ട്?**
**ഇപ്പോൾ താമസം എവിടെയാണ്?**

ഉ: കുടുംബം. മാതാപിതാക്കളും പ്രിയപത്നി പത്മയും പാലക്കാട് വച്ച് വർഷങ്ങൾക്കു മുൻപേ എന്നെ പിരിഞ്ഞു പോയി. ഇളയ മകൻ പ്രദീപ് ബാംഗ്ലൂരിൽ കുടുംബസമേതം താമസിക്കുന്നു. മകൾ പൂർണ്ണിമ ചിറ്റൂർ ഗവ: ഹൈസ്കൂളിൽ അദ്ധ്യാപികയാണ്. താമസം പാലക്കാട്. ഞാൻ മൂത്ത മകൻ പ്രവീണിനൊപ്പം പറവട്ടാനിയിൽ താമസിക്കുന്നു.

മലയാളി വായനക്കാർ  താങ്കളിൽ നിന്നും ഇനിയും ഈടുറ്റ രചനകൾ പ്രതീക്ഷിക്കുന്നു. താങ്കളുടെ അടുത്ത കൃതിക്കായ് വായനക്കാർ പ്രതീക്ഷയോടെ കാത്തിരിക്കുന്നു. ●



# എന്റെ രാജ്യം



ബഷീർ മുളിവയൽ

ഈ ലോകത്ത് ഒരു പുതിയ രാജ്യം ഉണ്ടാക്കണം
അതിന്റെ അതിർത്തികളിൽ
മുള്ളു വേലികൾക്ക് പകരം പൂച്ചെടികൾ നടണം
വെടിയൊച്ചകൾക്ക് പകരം
അതിർത്തിയിൽ നിന്ന് കിളി കൊഞ്ചലുകൾ കേൾക്കട്ടെ

അധികാരക്കസേരകളിൽ
അദ്ധ്വാനിക്കുന്നവനെ കൊണ്ടിരുത്തണം
അഴിമതിയുടെ ചക്കരക്കുടങ്ങളിലെ
ഉറുമ്പുകളുടെ അഹങ്കാരത്തിന് പകരം
ഉഴന്ന് തിന്നുന്നവന്റെ ഉശിരുണ്ടാവട്ടെ രാജ്യത്തിന്,
കർഷകർക്ക് പരമോന്നത ബഹുമതികൾ സമ്മാനിക്കണം
മണ്ണ് പറ്റിയ കൈകളിൽ പുരസ്കാരങ്ങൾ
ബഹുമാനിക്കപ്പെടട്ടെ

മനുഷ്യത്വമായിരിക്കും അവിടെ പൊതു വികാരം
സ്നേഹം മൗലികാവകാശം
അസഹിഷ്ണുതയും,
വർഗ്ഗീയതയും രാജ്യദ്രോഹക്കുറ്റമാക്കണം

അതിരുകൾ അടച്ചിടാത്ത രാജ്യത്ത് അഭയാർത്ഥികൾ
കടന്ന് വരട്ടെ
കൂടു വെച്ച് താമസിക്കട്ടെ
അവിടെ ദേശീയ ഭാഷയോ, മതമോ, ജാതിയോ ഉണ്ടാകില്ല
മനുഷ്യത്വമായിരിക്കും മതം
സ്നേഹമാണ് ഭാഷ
സമാധാനമാണ് സംസ്കാരം.

ഈ രാജ്യത്തിന് ഒരു രാജ്യത്തോടും ശത്രുതയില്ല
ഏതെങ്കിലും രാജ്യത്തിന് ശത്രുത തോന്നുന്നുവെങ്കിൽ
വന്ന് യുദ്ധം ചെയ്യട്ടെ
പൂവും, സ്നേഹവും കൊണ്ട്
എതിരാളിയെ ജയിക്കാമെന്ന്
ലോകത്തിനപ്പോൾ മനസ്സിലാകും.



# കണ്ണീർപ്പാടം



ഫ്രാങ്കോ ലൂയിസ്

കർഷകർക്ക് ആശ്വാസം. ഒരു വർഷം നീണ്ട കർഷക സമരത്തിനിടെ ഹോമിക്കപ്പെട്ടത് 716 കർഷകരുടെ ജീവനാണ്. കർഷകരുടെ ചുടുകണ്ണീരിൽ മുങ്ങിയ സർക്കാർ. ഒടുവിൽ കർഷക പോരാട്ടത്തിനു മുന്നിൽ മോദി മുട്ടുമടക്കി.

കർഷക രോഷാഗ്നിയിൽ കത്തിച്ചാമ്പലാകുമെന്ന ഭീതിയോടെയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി മൂന്നു കാർഷിക നിയമങ്ങളും പിൻവലിക്കുമെന്നു പ്രഖ്യാപിച്ചത്. ആറു മാസത്തിനകം അഞ്ചു നിയമസഭകളിലേക്കു തെരഞ്ഞെടുപ്പു നടക്കാനിരിക്കുകയാണ്. ബിജെപിയുടെ കോട്ടയെന്ന് അറിയപ്പെടുന്ന ഉത്തർപ്രദേശ്, കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബ് എന്നിവിടങ്ങൾക്കു പുറമേ, ഉത്തരാഖണ്ഡ്, മണിപ്പൂർ, ഗോവ എന്നീ സംസ്ഥാനങ്ങളിലാണു തെരഞ്ഞെടുപ്പ്. ഉത്തർപ്രദേശിലെ കർഷകർ ബിജെപിക്കെതിരേ തിരിഞ്ഞെന്ന് ഉപതെരഞ്ഞെടുപ്പുകളിലെ തിരിച്ചടികളിലൂടെയും രഹസ്യാന്വേഷണ വിവരങ്ങളിലൂടേയും ബോധ്യപ്പെട്ടതോടെയാണ് മോദി നിലപാടു തിരുത്തിയത്.

'കർഷകരെ സഹായിക്കാൻ കൊണ്ടുവന്ന നിയമങ്ങൾ ഇപ്പോൾ രാജ്യതാൽപര്യത്തിന്റെ പേരിൽ പിൻവലിക്കുമെ'ന്നാണ് മോദിയുടെ പ്രഖ്യാപനം. 'രാജ്യ



താൽപര്യം' എക്കാലത്തും ഒരു തുരുപ്പു ചീട്ടാണ്.

കറൻസി നിരോധന കാലത്തും അതിനു മുമ്പും ജനങ്ങളുടെ അക്കൗണ്ടുകളിലേക്കു പണം നിക്ഷേപിക്കുമെന്ന തള്ളുകൾ കർഷകരും മറന്നിട്ടില്ല. കർഷകർക്ക് അത്ര വിശ്വാസം പോരാ. അതുകൊണ്ട് പാർലമെന്റ് സമ്മേളനത്തിൽ നിയമം പിൻവലിക്കുന്നതു വരേയും സമരം തുടരുകയാണ്. ഇക്കഴിഞ്ഞ തിങ്കളാഴ്ച (നവംബർ 29) ആരംഭിച്ച പാർലമെന്റ് സമ്മേളനം ഡിസംബർ 23 വരെ തുടരും. ഈ മാസം ആദ്യവാരത്തിൽതന്നെ നിയമങ്ങൾ പിൻവലിച്ചേക്കും. എന്നാൽ അവ പുതിയ രൂപത്തിൽ തിരിച്ചുവരുമോയെന്നു ശങ്കിക്കുന്നവരുണ്ട്.

കർഷകർക്കു ജീവനു തുല്യമാണ് കൃഷിഭൂമി. ഈ ഭൂമിയും അവിടെ കൃഷിയിറക്കുന്ന കർഷകരുമാണ് രാജ്യത്തെ ഊട്ടുന്നത്. രാജ്യത്തെ കാക്കുന്ന സൈന്യത്തേപ്പോലെ മുന്നണിപ്പോരാളികൾ. ഒരു വർഷം തീപാറുന്ന സമരത്തിനിടെ എഴുന്നൂറിലേറെ കർഷക ജീവൻ പൊലിഞ്ഞെങ്കിലും കർഷകർ ഭരണാധികാരികളെ പഠിപ്പിച്ചത് അതാണ്.

കർഷകർ ഇപ്പോഴും ഭീതിയിലാണ്. തങ്ങളുടെ അടിവേരു മാന്തുന്ന നിയമങ്ങളെ ജീവൻകൊടുത്തും ചെറുത്തത് അതുകൊണ്ടാണ്. വിത്തും വളവും വിപണിയും മാത്രമല്ല, കൃഷിയിടങ്ങളും വയലേലകളുമെല്ലാം കോർപറേറ്റുകളുടെ കൈയിലാകും. രാജ്യത്തെ കൃഷിയിടങ്ങളേയും തങ്ങളേയും വൻകിട കോർപറേറ്റുകൾക്കു വിൽക്കുന്ന വയാണു മൂന്നു കാർഷിക നിയമങ്ങളുമെന്നാണു കർഷകരുടെ സങ്കടക്കണ്ണീർ.

## 42 കർഷക സംഘടനകൾ

അഖിലേന്ത്യ കിസാൻ സഭയുടെ നേതൃത്വത്തിൽ 42 കർഷക സംഘടനങ്ങളുടെ നേതൃത്വത്തിലാണ് കർഷക പ്രക്ഷോഭം. ഒരു രാഷ്ട്രീയപാർട്ടിയുടേയും ബാനറിലേക്ക് ഒതുങ്ങാത്ത സമരം. പ്രതിപക്ഷ പാർട്ടികളുടെ ഐക്യവേദിയാകുന്ന നിലയിലേക്ക് അതു വളർന്നു.

പഞ്ചാബിൽനിന്നായിരുന്നു സമരത്തിനു തുടക്കം. സെപ്റ്റംബർ 24 ന് ആരംഭിച്ച സമരം രണ്ടു ദിവസങ്ങൾക്കകം ഹരിയാന, യുപി, ഡൽഹി തുടങ്ങി മറ്റു സംസ്ഥാനങ്ങളിലേക്ക് ആളിപ്പടർന്നു. സെപ്റ്റംബർ 25 ന് കർഷകരുടെ രാജ്യ വ്യാപക സൂചനാ സമരം നടന്നു. സെപ്റ്റംബർ 27 ന് നിയമത്തിൽ രാഷ്ട്രപതി ഒപ്പുവച്ചതോടെ സമരം കൂടുതൽ ശക്തമാക്കി. നവംബർ 25 ന് കർഷകർ റോഡുകൾ ഉപരോധിച്ചു. നവംബർ 26 ന് ഡൽഹി അതിർത്തിയിലേക്ക് കർഷകരെത്തി. സ്ത്രീകളും കുട്ടികളും പ്രായമായവരുമെല്ലാം ചട്ടിയും കലവും കിടക്കാൻ പായയുമെല്ലാമായാണ് സമരത്തിനെത്തിയത്. അതിർത്തികളിൽ പോലീസും പട്ടാളവും കർഷകരെ തടഞ്ഞു.

## വടിയെടുത്ത് കോടതി

പന്ത്രണ്ടു തവണ കേന്ദ്ര സർക്കാർ കർഷകരുമായി ചർച്ച നടത്തി. നിയമം പിൻവ

ലിക്കില്ലെന്ന തീരുമാനത്തിൽ കേന്ദ്ര സർക്കാർ ഉറച്ചുനിന്നു. പിന്നീടുള്ള ചർച്ചകളിൽ ഭേദഗതികളാകാം എന്നായി. നിയമം പിൻവലിക്കാതെ പിന്നോട്ടില്ലെന്നു കർഷകർ. അങ്ങനെയിരിക്കേയാണ് കർഷകർ സുപ്രീം കോടതിയിലേക്ക് നീങ്ങി. കോടതിയുടെ ഇടപെടലിന്റെ ഭാഗമായി ചർച്ചയ്ക്ക് സുപ്രീം കോടതി സമിതി രൂപീകരിച്ചു. കഴിഞ്ഞ നവരി 12 ന് നിയമങ്ങൾ സുപ്രീം കോടതി സ്റ്റേ ചെയ്തു. 2021 ജനുവരി 26 ന് റിപ്പബ്ലിക്ക് ദിനത്തിൽ കർഷകർ ട്രാക്ടർ മാർച്ച് നടത്തി. ഫെബ്രുവരി ആറിന് കർഷകരുടെ ദേശ വ്യാപക ചക്ര സംതംഭന സമരം നടന്നു. മാർച്ച് എട്ടി നാണ് സിംഗു അതിർത്തിൽ വെടിവയപുണ്ടായത്. ഓഗസ്റ്റ് ഏഴിന് സമരത്തിന് പിന്തുണയുമായി 14 പ്രതിപക്ഷ പാർട്ടികളെത്തി. കേന്ദ്രമന്ത്രിയുടെ പുത്രൻ അടക്കമുള്ളവർ സമരക്കാർക്കിടയിലേക്ക് വാഹനങ്ങൾ ഓടിച്ചുകയറ്റി നാലു കർഷകർ അടക്കം എട്ടുപേരെ കൊന്നത് ഒക്ടോബർ മൂന്നിനാണ്. ജനവികാരം ആളിക്കത്തുകയും സുപ്രീം കോടതി ചൂരലെടുക്കുകയും ചെയ്തിരിക്കേയാണ് മോദി രണ്ടടി പിറകോട്ടു ചുവടു മാറ്റുന്നത്.



## സർജിക്കൽ സ്ട്രൈക്ക്

ഈയിടെ പെട്രോളിയത്തിനുള്ള നികുതി കുറച്ചതും മോദിയുടെ ഒരു അടവുനയമാണ്. തെരഞ്ഞെടുപ്പു മുന്നിൽ കണ്ടുള്ള ചുവടുമാറ്റം. കഴിഞ്ഞ തവണ തെരഞ്ഞെടുപ്പുകൾക്കു മുമ്പ് പെട്രോളിയം ഉൽപന്നങ്ങളുടെ അനുദിനമുള്ള വില വർധനനിർത്തിവച്ചിരുന്നു. ഇക്കുറി ദീപാവലിക്കു തലേന്നാണ് ഇന്ധന നികുതി കേന്ദ്രസർക്കാർ കുറച്ചത്.

പ്രത്യക്ഷത്തിൽ മോദിയും കേന്ദ്ര സർക്കാരും മുട്ടുമടക്കിയെന്നു തോന്നും. എന്നാൽ അങ്ങനെയല്ലെന്ന നിരീക്ഷണവുമുണ്ട്. ജനങ്ങളെ കൈയിലെടുക്കുന്ന തന്ത്രമാണ് ഇന്ധന വില കുറയ്ക്കലും കർഷക നിയമങ്ങൾ പിൻവലിക്കലും. പ്രതിപക്ഷ പാർട്ടികളുടെ വളർച്ചയ്ക്കും ഐക്യത്തിനും വേദിയാകുമായിരുന്ന അവസരം മോദി ഇല്ലാതാക്കി. പ്രതിപക്ഷത്തിനെതിരെ മോദിയുടെ 'സർജിക്കൽ സ്ട്രൈക്ക്'.

കേന്ദ്രസർക്കാരിനും ബിജെപിക്കുമെതിരെ പ്രതിപക്ഷ കക്ഷികളുടെ ഏറ്റവും വലിയ ആയുധങ്ങളായിരുന്നു കാർഷികനിയമങ്ങളും ഇന്ധനവിലക്കയറ്റവും. തിരുത്തലോടെ പ്രതിപക്ഷം നിഷ്പ്രഭമായി. യഥാർഥ വിജയത്തിനു മോദി വഴിയൊരുക്കിയിരിക്കുന്നു.

ദേശീയ തലത്തിൽ നരേന്ദ്ര മോദിക്കെതിരെ ശക്തനായ നേതാവില്ല. രാഹുൽഗാന്ധി കളത്തിലുണ്ടെങ്കിലും

കോൺഗ്രസിന് അധ്യക്ഷൻ പോലും ഇല്ലാത്ത അവസ്ഥയാണ്.

## നിയമങ്ങളിലെ ചതി

ഫാർമേഴ്സ് പ്രൊഡ്യൂസ് ട്രേഡ് ആൻഡ് കൊമേഴ്സ് (പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ) ആക്റ്റ് -2020, (കർഷക ശാക്തീകരണവും സംരക്ഷണവും) വില ഉറ

പ്പ്, കാർഷിക സേവന നിയമം- 2020, അവശ്യവസ്തുക്കളുടെ (ഭേദഗതി) നിയമം- 2020 എന്നീ നിയമങ്ങളാണു പിൻവലിക്കുന്നത്.

കഴിഞ്ഞ വർഷം സെപ്റ്റംബർ 14 നാണ് ഈ നിയമങ്ങൾ പാർലമെന്റിലെത്തിയത്. പ്രതിപക്ഷ പ്രതിഷേധങ്ങളെ വകവക്കാതെ സെപ്റ്റംബർ 17 ന് ലോക്സഭയും 20 ന് രാജ്യസഭയും പാസാക്കി.

മൂന്നു കാർഷിക നിയമങ്ങളെ കർഷകർ എതിർത്തത് എന്തുകൊണ്ടാണ്? ിയമങ്ങൾ കർഷകർക്കു ഗുണമാണെന്നു മോദിയുടെ അവകാശവാദം. എന്നാൽ തങ്ങളെ ഇല്ലാതാക്കുമെന്നാണു കർഷകരുടെ വിലയിരുത്തൽ.

കാർഷിക ഉൽപ്പന്നങ്ങളുടെ 'താങ്ങുവില', കാർഷിക സബ്സിഡി, ഭക്ഷ്യ സബ്സിഡി, പൊതുവിതരണ സമ്പ്രദായം എന്നിവ ഇല്ലാതാകും. കൃഷിയിറക്കുമ്പോഴേക്കും വിളകൾക്കു വിലയിട്ടു വാങ്ങാൻ കോർപറേറ്റുകൾക്ക് അനുമതി നൽകുന്നതാണ് ഒരു നിയമം. ഉൽപ്പന്നങ്ങൾ ഇന്ത്യയിലെവിടെനിന്നും ഏതു ബഹുരാഷ്ട്ര കുത്തകൾക്കും എത്ര വേണമെങ്കിലും വാങ്ങാം. ബഹുരാഷ്ട്ര കുത്തകകളെ സഹായിക്കാനാണ് ഈ നിയമമെന്നു കർഷകർ ചൂണ്ടിക്കാട്ടി.

സർക്കാരിന്റെ നിയന്ത്രണത്തോടെയുള്ള ചന്തകൾ അപ്രത്യക്ഷമാകും. ഇതോടെ സംസ്ഥാന സർക്കാരിന് കിട്ടിയിരുന്ന നികുതി വരുമാനവും ഇല്ലാതെയാകും. കോർപ്പറേറ്റുകൾക്ക് മാർക്കറ്റുകൾ പിടിച്ചെടുക്കാനാകും. തുടക്കത്തിൽ അൽപ്പം നഷ്ടം സഹിച്ച് കാർഷികോൽപ്പന്നങ്ങൾ വാങ്ങുന്ന കോർപ്പറേറ്റുകൾ പിന്നീട് അവരുടെ തനിസ്വരൂപം പുറത്തെടുക്കും. വില കുറയ്ക്കും. അപ്പോഴേക്കും പ്രാദേശികമായ എല്ലാ കച്ചവടക്കാരും കച്ചവട സംവിധാനവും തകർന്നടിയും. കോർപ്പറേറ്റുകൾ പറയുന്ന വിലയ്ക്ക് ഉൽപ്പന്നങ്ങൾ വിൽക്കേണ്ടി വരും.

രണ്ടാമത്തെ കർഷക നിയമ പ്രകാരം എതു കോർപ്പറേറ്റിനും ഇന്ത്യയിവിലെവിടേയും കർഷകനുമായി കരാറുണ്ടാക്കി കൃഷി ചെയ്യാനുള്ള അവകാശം ലഭിക്കും. കരാർ പ്രകാരം കൃഷി ചെയ്യുന്ന കർഷകൻ നിബന്ധനകൾ പാലിച്ചില്ലെന്നു കുറ്റപ്പെടുത്തി മതിയായ വില നൽകാതെ ഉൽപന്നങ്ങൾ കൈക്കലാക്കും.

മൂന്നാമത്തെ കർഷക നിയമം 1955 ലെ അവശ്യ സാധന നിയമ ഭേദഗതിയാണ്. യുദ്ധം, ക്ഷാമം, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയ അസാധാരണമായ സാഹചര്യങ്ങളിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാനും വിലക്കയറ്റം തടയാനുമള്ള നിയമമാണിത്. ഈ നിയമത്തിൽനിന്നും കോർപ്പറേറ്റുകൾക്ക് താല്പര്യമുള്ള കുറേ കാർഷികോൽപ്പന്നങ്ങളേ ഒഴിവാക്കുന്നതാണ് ഈ ഭേദഗതി. കോർപ്പറേറ്റുകൾക്ക് തോന്നുംപടി അവശ്യ ഉൽപ്പന്നങ്ങൾ ശേഖരിക്കാനും കൃത്യമ വിലക്കയറ്റമുണ്ടാക്കി ജനങ്ങളെ കൊള്ളയടിക്കാനും അവസരം നൽകുന്നതാണ് ഈ നിയമഭേദഗതിയെന്നു കർഷകർ പറയുന്നു.

നിയമം പുതിയ വേഷത്തിലും രൂപത്തിലുമായി തിരിച്ചെത്തുന്നതുവരെ സമരങ്ങൾക്കു വിട.

## തുണിക്കു വിലകൂടും

ജനുവരി മുതൽ ചെരുപ്പുകൾക്കും തുണിത്തരങ്ങൾക്കും വില വർധിക്കും. ജി.എസ്.ടി നിരക്ക് അഞ്ചു ശതമാനത്തിൽനിന്നും 12 ശതമാനമായി വർധിപ്പിച്ചതാണു കാരണം. 1000 രൂപ വരെയുള്ള തുണിത്തരങ്ങളുടെ ജി.എസ്.ടി നേരത്തെ അഞ്ചു ശതമാനമായിരുന്നു. ഇതാണു 12 ശതമാനമാക്കിയത്.

അതേസമയം ജി.എസ്.ടിയിൽ സമഗ്രമായ പരിഷ്കാരങ്ങൾക്കുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. ജിഎസ്ടി നികുതി സമ്പ്രദായത്തിനു ജൂലൈയിൽ അഞ്ചു വർഷം തികയുകയാണ്. നിലവിൽ ജി.എസ്.ടിയിൽ നാലു നിരക്കുകളാണുള്ളത്. ഇത് മൂന്നായി വെട്ടിച്ചുരുക്കും. സംസ്ഥാന സർക്കാറുകൾക്ക് നൽകുന്ന ജി.എസ്.ടി നഷ്ടപരിഹാരവും നിർത്തലാക്കും. നിലവിൽ ജി.എസ്.ടിയിൽ ഒഴിവാക്കപ്പെട്ട പല സേവനങ്ങളും ചരക്കുകളും നികുതി പരിധിയിലേക്കുവരും.

കർണാടക മുഖ്യമന്ത്രി ബസവരാജ് ബൊമ്മൈയുടെ നേതൃത്വത്തിലുള്ള സമിതി ഉടൻ ശിപാർശകൾ നൽകും. അടുത്ത ജി.എസ്.ടി കൗൺസിൽ യോഗത്തിൽ ചർച്ചയാകും.

●

വിവർത്തന കവിത

# നാണയവിഗ്രഹങ്ങൾ



രചന :
വി. ശ്രീനിവാസ ഗൗഡ്

പരിഭാഷ :
രാജീവൻ മുണ്ടിയോട്



നീട്ടിപ്പിടിച്ച രണ്ടു കുഞ്ഞിക്കൈകളിൽ,
മഞ്ഞൾ വരക്കുറി തകരപ്പാത്രമുണ്ട്.
ആ പാത്രത്തിന്റെ നടുവിലായ്
നെഞ്ചോട് ചേർത്ത് നിർത്തിയ
ദൈവത്തിന്റെ പടവുമുണ്ട്.
നഗരത്തിന്റെ തിരക്കിലേക്കിതാ ഇന്നും
ആ കുട്ടികൾ വന്നുനിൽക്കുന്നു.

വായ തുറന്നൊരക്ഷരം ഉരിയാടില്ല.......
കൈ നീട്ടിയൊന്നിനും യാചിക്കില്ല.......

എല്ലാം ആ ദൈവത്തിന്റെ പടം പറയുന്നപോലെ,
ആ പടത്തെ മുഖചിത്രമാക്കി,
വിഗ്രഹം കണക്കെ കാത്തുനിൽപ്പുണ്ടവർ.

ആ ദൈവത്തിനു മുമ്പിലിത്തിരി കുങ്കുമവും
കുങ്കുമത്തിൽ പുരണ്ട
ചില്ലറ ദയാദാക്ഷിണ്യങ്ങളും!

വായ തുറന്നൊരക്ഷരം ഉരിയാടില്ല......
കൈ നീട്ടിയൊന്നിനും യാചിക്കില്ല.....

ചന്ദനത്തിരിയുടെ പുകയേറ്റ് എരിയുന്ന
കണ്ണുകളിൽ വിശപ്പാൽ വയറു വേവുന്ന ആവി പറക്കുന്നു.
ഏഴെട്ട് വയസ്സുണ്ടാ കുട്ടികൾക്കെന്നേ തോന്നൂ.
ദൈവത്തെ മുന്നിൽ നിർത്തി
യാചിക്കാൻ പഠിപ്പിച്ചതാരോ?

വെളുത്ത വസ്ത്രത്തിനു മുകളിലായ്
മഞ്ഞയും ചുവപ്പും ചേർന്ന കസവുതുണികൾ ചുറ്റി,
പുണ്യദാനങ്ങൾ പാത്രത്തിൽ പകർന്ന്
പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്ന
ഭക്തരനവധിയുണ്ടവിടെ.

നേരമിരുട്ടിയാൽ മദ്യശാലകൾ വിളമ്പുന്ന

വീഞ്ഞിൻ വിരുന്നിലിരുന്നു മദിരാക്ഷിയെ
തൊട്ടു നക്കുന്നൊരുത്തൻ. പാത്രത്തിലെ പണമെണ്ണിയെടുത്തോൻ!
കുട്ടികൾക്കതു കൗതുകം.

വായ തുറന്നൊരക്ഷരം ഉരിയാടില്ല......
കൈ നീട്ടിയൊന്നിനും യാചിക്കില്ല......

എന്നും ചില കയ്പ്പു പാഠങ്ങൾ അവർക്കു മുൻപിൽ
വാതിൽ തുറന്നുവരുന്ന വാണിജ്യപരസ്യങ്ങൾ പോലെ കൗശലം കാട്ടുന്നു.

ദൈവത്തിന്റെ പേരിൽ വഞ്ചിക്കുന്നോ? വഞ്ചിക്കപ്പെടുന്നോ?

കഴുതപ്പുറത്തിരുന്ന് രഥയാത്രകൾ ചെയ്യുന്നവർ
കണ്ണിൽ രക്തം പൊടിയുന്നത് കാണുന്നോ?
കാണാതിരിക്കുന്നതോ?

ദൈവനാമസ്മരണ ചെയ്യുന്നവർ മനുഷ്യനെ
വിൽക്കുന്നോ? വിലപേശുന്നോ?

അണയാത്ത മതാഗ്നികുണ്ഡങ്ങളിൽ മനുഷ്യനെ
ഹോമിക്കുന്ന രാജ്യത്ത് ഇതെന്ത് ദൗർഭാഗ്യമോ?

ശിശുക്കളെ ദൈവത്തിന്റെ പ്രതിരൂപമെന്ന് പുരാണങ്ങൾ
ഉദ്ഘോഷിച്ചത് നിങ്ങൾ മറന്നോ?

ഇന്നും ആ കണ്ണുകളിൽ വിശപ്പിന്റെ പുകയെരിഞ്ഞ്,
ശ്വാസത്തിലൂടെ വാസന പരന്നൊഴുകുന്നിതാ.
തിരക്കിലാ ഗന്ധം മണക്കാൻ മറന്നവരല്ലോ
നമ്മൾ......

ക്ഷാരമായി മാറും മുമ്പാ കനലിനെ ഊതിക്കെടുത്തുവാൻ
ഇത്തിരി കഞ്ഞിവെള്ളം പാരുവൻ ആരുണ്ടിവിടെ?

ഇന്നത്തെ നാണ്യങ്ങളെങ്കിലും
അവർക്കുള്ളതാകുമോ? അവരുടെ കണ്ണീരു തുടയ്ക്കുമോ?
അറിയില്ല.

കരുണയില്ലാത്ത വാഗ്വാദങ്ങൾക്കപ്പുറം മാനവത്വം മഹനീയം.
ആർദ്രമീ ഹൃദയങ്ങളിൽ നമ്മൾ സൂക്ഷിക്കുക മനുഷ്യന്റെ സൽപ്പേര്.

അങ്ങനെ നോക്കി നിൽക്കെ അവരുടെ കയ്യിലെ
മുഖപടത്തിന്റെ വാതിൽ തുറന്ന് ദൈവം പുറത്തേക്ക് വരുന്നു.
നാണ്യങ്ങളെ വീണ്ടും
എണ്ണി തീട്ടപ്പെടുത്തി
മടങ്ങുന്നു.

കീശയിൽ കിടന്ന് കിലുങ്ങുന്ന തുട്ടുകൾ
നുള്ളിയെടുത്ത് ആ കുങ്കുമത്തിൽ കുളിക്കുവാൻ വിതറി ഞാൻ
മറ്റൊരിടത്തേക്ക്
നീങ്ങിനിൽക്കെ,
കുട്ടികൾ ക്ഷണം വിഗ്രഹങ്ങളായി മാറി!



കൊല്ലപ്പെട്ട ഗുൽഷൻ കുമാർ

# സ്വരശുദ്ധി സംശയനിഴലിൽ...




തേജശ്രീ

**കു**മാർ സാനുവിനെ എല്ലാവരും മെലഡി കിംഗ് എന്നു വിളിക്കുന്നുണ്ടല്ലോ., ദൈവത്തെയോർത്ത് ഒന്നു പറയൂ, എന്തു മെലഡിയാണ് അയാൾ ഉണ്ടാക്കിയിട്ടുള്ളത്?

ഈ ചോദ്യം നദീം സെയ്ഫിയുടേതാണ്- തൊണ്ണൂറുകളിൽ ഹിന്ദി ചലച്ചിത്ര സംഗീതലോകത്ത് മെലഡിയുടെ പൂക്കാലമൊരുക്കിയ സംഗീതസംവിധായകദ്വയമായ നദീം- ശ്രാവണിലെ അതേ നദീമിന്റെ.

വർഷങ്ങൾക്കു ശേഷമാണ് ഒരു പൊതു ഇടത്ത് നദീമിന്റെ ശബ്ദം കേൾക്കുന്നത്. 1997 ഓഗസ്റ്റിൽ സംഗീത വ്യവസായ രംഗത്തെ മുടിചൂടാമന്നനായിരുന്ന ഗുൽഷൻ കുമാറിന്റെ കൊലപാതകത്തിനുശേഷം നദീം വെള്ളിവെളച്ചത്തിൽനിന്ന് അകന്നുകഴിയുകയാണ്. രാജ്യംവിട്ട നദീം ദുബായിയിലും ലണ്ടനിലുമായാണ് താമസിക്കുന്നത്. കൊലപാതകവുമായി ബന്ധപ്പെട്ട ഗൂഡാലോചനയിൽ നദീമിന് പങ്കുണ്ട് എന്നാണ് ആരോപണം. എന്നാൽ മുംബൈ കോടതി തന്നെ കുറ്റവിമുക്തനാക്കിയിട്ടുണ്ടെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. രാജ്യത്തേക്കു തിരിച്ചുവരാനുള്ള തയാറെടുപ്പിനിടെ കഴിഞ്ഞദിവസം നദീം ഒരു ദേശീയ മാധ്യമത്തോടു പ്രതികരിച്ചതാണ് നാം തുടക്കത്തിൽ വായിച്ചത്.

**1997 ഓഗസ്റ്റിൽ സംഗീത വ്യവസായ രംഗത്തെ മുടിചൂടാമന്നനായിരുന്ന ഗുൽഷൻ കുമാറിന്റെ കൊലപാതകത്തിനുശേഷം നദീം വെള്ളിവെളച്ചത്തിൽനിന്ന് അകന്നുകഴിയുകയാണ്. രാജ്യംവിട്ട നദീം ദുബായിയിലും ലണ്ടനിലുമായാണ് താമസിക്കുന്നത്. കൊലപാതകവുമായി ബന്ധപ്പെട്ട ഗൂഡാലോചനയിൽ നദീമിന് പങ്കുണ്ട് എന്നാണ് ആരോപണം.**

## ചരിത്രസംഗീതം

ആഷിഖി എന്ന പേര് ഹിന്ദി സിനിമാഗാന പ്രേ

മികൾ ഒരുകാലത്തും മറക്കില്ല. അത്രവലിയ വിസ്മയമാണ് ആ ചിത്രത്തിലെ പാട്ടുകളിലൂടെ നദീം-ശ്രാവൺ ദ്വയം ഒരുക്കിയത്. ദിൽ ഹേ കെ മാൻതാ നഹി, സാജൻ, സഡക്, ദീവാനാ, ഫൂൽ ഓർ കാണ്ടേ... സിനിമകളുടെ നിര നീണ്ടു. സിനിമാ പോസ്റ്ററുകളിൽ നായകനും തുല്യം പ്രാധാന്യത്തോടെ സംഗീതസംവിധായകരായ നദീമിന്റെയും ശ്രാവണിന്റെയും ചിത്രങ്ങൾ അച്ചടിച്ചുതുടങ്ങി. ഏറ്റവും വിലപിടിപ്പുള്ള താരങ്ങളായി അവർ മാറി– വിധി അതിന്റെ വിളയാട്ടത്തിനു തുടക്കമിട്ടതുവരെ!


നദീം സെയ്ഫി

പോയകാലത്തേക്കു തിരിഞ്ഞുനോക്കുന്ന നദീം തന്റെ ഭാഗം ന്യായീകരിക്കാൻ ഒരുപാടു പറയുന്നുണ്ട്. കേൾക്കാം.

ഗുൽഷൻകുമാർ കേസുമായി ബന്ധപ്പെട്ട് ജീവിതത്തിലുണ്ടായ ഇരുണ്ട കാലത്തെക്കുറിച്ച് ഇപ്പോൾ എന്തു തോന്നുന്നു?

= പപ്പാജിക്ക് (ഗുൽഷൻ കുമാർ) ഒരു ഇളയസഹോദരനെപ്പോലെയായിരുന്നു ഞാൻ. എന്നെ ഒരുപാടു സ്നേഹിച്ചു. ഇപ്പോൾ ഞാൻ ഇന്ത്യയിലേക്കു മടങ്ങാൻ ആഗ്രഹിക്കുന്നു എന്നതുതന്നെ എന്റെ നിരപരാധിത്വത്തിനു തെളിവല്ലേ.. ഒരുകാര്യവുമില്ലാതെ ഞാൻ ഒരുപാടു കഷ്ടപ്പെട്ടു. എന്റെ നേർക്കുണ്ടായ ഏറ്റവും വലിയ അനീതിയാണ് ഇത്.

എന്നെ കുടുക്കാൻ ഒരു വലിയ ഗൂഢാലോചന നടന്നു. എനിക്കെതിരേ തെളിവുകൾ യാതൊന്നുമില്ലെന്ന് യുകെയിലെ കോടതികൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നെ കുടുക്കണമെന്ന് ആർക്കോ നിർബന്ധമുണ്ടായിരുന്നു. എന്റെമേൽ കുറ്റം ചാർത്തിയ അന്നത്തെ പോലീസ് കമ്മീഷണർ പിന്നീട് അറസ്റ്റിലായത് ഏറ്റവും വിലയ കാവ്യനീതിയല്ലേ? ഞാൻ നിയമവ്യവസ്ഥയിൽ വിശ്വസിക്കുന്നു, എനിക്കിപ്പോൾ പേടിയില്ല.

## സംഗീതമുണ്ടാക്കുക എന്ന ഏറ്റവും പ്രിയപ്പെട്ട കാര്യം ചെയ്യാതെ മാറിനിന്നത് വേദനപ്പിച്ചില്ലേ?

= എന്റെ ഞരമ്പുകളിൽ ഓടുന്നത് സംഗീതമാണ്. പുലർച്ചെ രണ്ടുമണിക്കൊക്കെ ഉണർന്ന് ട്യൂണുണ്ടാക്കി അത് റെക്കോർഡ് ചെയ്യാൻ ഭാര്യയെ ഉണർത്തി ബുദ്ധിമുട്ടിക്കാറുണ്ട്. ഒരുപാടു ട്യൂണുകളുടെ ശേഖരമുള്ള ഒരു സംഗീതയന്ത്രമാണ് ഞാൻ. വൈകാതെ അവയെല്ലാം നിങ്ങളെ കേൾപ്പിക്കാമെന്നാണ് ഞാൻ കരുതുന്നത്.

## താങ്കളെത്തേടി ഒരുപാട് പ്രോജക്ടുകൾ അണിയറയിലുണ്ട് എന്നു കേൾക്കുന്നു?

= സിനിമകളും കൺസെർട്ടുകളുമായി ഒരുപാട് അവസരങ്ങൾ ഉണ്ടെന്നത് ശരിയാണ്. ആളുകൾ എനിക്കൊപ്പം പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നു എന്നറിയുന്നത് വലിയ സന്തോഷമാണ്. കാൽനൂറ്റാണ്ടിനു ശേഷമാണ് ഇതെന്നോർക്കണം. പക്ഷേ, തൽക്കാലം ഞാൻ ആ പ്രോജക്ടുകളെക്കുറിച്ചു വെളിപ്പെടുത്തുന്നില്ല. കണ്ണുപറ്റുമോ എന്ന പേടിയുണ്ട്. ഒരവസരം ഒരിക്കലല്ലേ വരൂ. കാലം മാറിയതോടെ സംഗീതരംഗത്തും വലിയ മാറ്റം വന്നു. ഒരു കരാർ ഒപ്പിടുന്നതുപോലും വളരെ സങ്കീർണമാണ് ഇപ്പോൾ. അതുകൊണ്ടുതന്നെ സമയമെടുത്തു മാത്രമേ എന്തും ചെയ്യൂ. ഒരു വലിയ നിമയപോരാട്ടത്തിന്റെ പ്രവൃത്തിപരിചയം എന്നെ കൂടുതൽ ശക്തനാക്കിയിട്ടുണ്ട്.

## താങ്കൾക്ക് ക്രെഡിറ്റ് തരാൻ മടിക്കുന്ന ഗായകരെക്കുറിച്ച്?

= അതെന്നെ അദ്ഭുതപ്പെടുത്തുന്ന ഒരു കാര്യമാണ്. ചെറിയ പ്ലാറ്റ്ഫോമുകളിൽ എന്നെക്കുറിച്ചു വലിയവായിൽ സംസാരിക്കുന്ന ഗായകരുണ്ട്. എന്നാൽ താരതമ്യേന വലിയ, ജനപ്രിയ ചാനൽ ഷോകളിൽ എത്തിയാൽ ഗാനങ്ങൾക്ക് നദീം-ശ്രാവണിനു കടപ്പാടു വയ്ക്കാൻ മിക്കവർക്കും മടിയാണ്. (ഇവിടെയാണ് ഗായകൻ കുമാർ സാനുവിനെക്കുറിച്ച് നദീമിന്റെ തുടക്കത്തിൽ കണ്ട പരാമർശം).

## എന്താണ് താങ്കളെ ഇന്നും വികാരഭരിതനാക്കുന്ന ഓർമ?

= അന്നൊക്കെ എല്ലാ ദിവസങ്ങളും ഈദോ ദീപാവലിയോ പോലെ സന്തോഷകരമായിരുന്നു. ദിവസേന കൂടുതൽ കൂടുൽ സ്നേഹം കിട്ടിക്കൊണ്ടിരുന്നു. നിരത്തിൽ എന്റെ കാർ കാണുമ്പോൾ ഭിക്ഷക്കാർ പോലും ഓടിവന്ന് ഞങ്ങളുടെ പാട്ടു മൂളുമായിരുന്നു. എന്റെ കാറിൽ അവർ സ്നേഹത്തോടെ തഴുകുമായിരുന്നു. ലക്ഷക്കണക്കിന് ആരാധകർ ഇപ്പോഴും എനിക്കെഴുതാറുണ്ട്. അവരെല്ലാവരും ആവശ്യപ്പെടുന്നത് ഒറ്റ കാര്യമാണ്- മടങ്ങിവരണം.

ശ്രാവൺ എന്റെ പ്രിയ സുഹൃത്തായിരുന്നു. കഷ്ടപ്പാടിന്റെയും സന്തോഷത്തിന്റെയും ഗംഭീരമായ ഓർമകൾ എന്നുമുണ്ടാകും. ഞങ്ങൾ ഏറ്റവും നിഷ്കളങ്കരായിരുന്നു. അദ്ദേഹത്തിന്റെ ആത്മാവിനുവേണ്ടി പ്രാർഥിക്കുന്നു (ശ്രാവൺ അടുത്തയിടെ കോവിഡ് ബാധിതനായി അന്തരിച്ചു). -നദീം പറഞ്ഞുനിർത്തുന്നു., സ്വദേശത്തു തിരിച്ചെത്താമെന്ന ആത്മവിശ്വാസത്തോടെ.

എന്നാൽ ഇതിനൊരു മറുവശമുണ്ട്. അതു കാണണമെങ്കിൽ നദീമിന്റെ അഭിമുഖം പ്രസിദ്ധീകരിച്ച പോർട്ടലിൽ വന്ന കമന്റുകൾ വായിക്കണം. അവയിൽ ഏതാണ്ടെല്ലാംതന്നെ നദീമിന് എതിരാണ്. മയക്കുമരുന്നു കേസിൽ ആര്യൻ ഖാന് ജാമ്യം ലഭിച്ചതോടെ ഇതുപോലുള്ള കുറ്റവാളികൾ ശബ്ദമുയർത്തിതുടങ്ങി എന്നാണ് ആ കമന്റുകളുടെ ഉള്ളടക്കം. നിരപരാധിയാണെങ്കിൽ എന്തിനു രാജ്യംവിട്ടു മുങ്ങിയെന്നു ചോദിക്കുന്നു ചിലർ. ന്യായീകരിക്കാൻ പറയുന്നതെല്ലാം അസംബന്ധമാണെന്നും കമന്റുകൾ പറയുന്നു.

ബഹളങ്ങൾക്കിടയിൽ സത്യത്തിന്റെ ശുദ്ധമായ സ്വരം എവിടനിൽക്കുന്നു എന്നതാണ് ഇനിയും ഉത്തരംകിട്ടാത്ത ചോദ്യം!



നദീം – ശ്രാവൺ ദ്വയം




# ഒരു പുഴയോരത്ത്



എ. കെ. അനിൽകുമാർ

**അ**യാൾ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു.

വർഷങ്ങൾ നീണ്ട പ്രണയത്തിനൊടുവിൽ കാമുകി മറ്റൊരാളെ കല്യാണം കഴിക്കാൻ തീരുമാനിച്ചതിൽ മനം നൊന്താണ് അയാൾ ഈ തീരുമാനത്തിലെത്തിയത്.

നഗരത്തിൽനിന്നും ദൂരെമാറി ഒരു വെള്ളച്ചാട്ടവും അതൊഴുകുന്ന ഒരു പുഴയുമുണ്ട്. അയാൾ നേരെ അവിടേക്ക് പോയി. അവിടെയാകെ സഞ്ചാരികളുടെ തിരക്കാണ്. അതും ഒരു അനുഗ്രഹമായി അയാൾ കണ്ടു. തനിക്ക് വേണ്ടതും അതുതന്നെ. ഈ തിരക്കിനിടയിൽ തന്റെ ആത്മഹത്യ ആരും അറിയില്ല. എല്ലാവരും അവരുടേതായ സ്വകാര്യ നിമിഷങ്ങളിൽ...

അയാൾ പാലത്തിൽ ആളൊഴിഞ്ഞ ഒരു ദിക്കിലേക്ക് നടന്നു. അവിടെനിന്നും അയാൾ ചുറ്റും നോക്കി. ആരും തന്നെ ശ്രദ്ധിക്കുന്നില്ല. ഇതുതന്നെ പറ്റിയ സമയം. അയാൾ പുഴയിലേക്ക് എടുത്തു ചാടി.

വെള്ളത്തിന്റെ അടിത്തട്ടിൽ മരണമുഖത്തേക്ക് ഊളിയിട്ടു പോയ അയാളെ പെട്ടെന്ന് ഒരു കൈ ചേർത്തുപിടിച്ചു. മൃദുലമായ ആ കരസ്പർശത്തിൽ കുരുങ്ങി മരണവും കാത്ത് അയാൾ പതിയെ മയക്കത്തിലേക്ക് പോയി.

പിന്നീടെപ്പോഴോ ബോധം വന്ന് കണ്ണു തുറന്നപ്പോൾ അയാൾ കുറച്ചകലെ പുഴക്കരയിൽ കിടക്കുകയായിരുന്നു. തൊട്ടടുത്ത് ഒരു സ്ത്രീയും കണ്ണടച്ച് കിടക്കുന്നു. അയാൾ പെട്ടെന്ന് എണീറ്റിരുന്നു. എന്നിട്ട് പതുക്കെ അവരെ കുലുക്കിയുണർത്താൻ ശ്രമിച്ചു. പതിയെ ആ സ്ത്രീ കണ്ണു തുറന്നു. അമ്പരപ്പോടെ ചുറ്റും നോക്കിയ അവൾ കണ്ടത് തന്റെ തൊട്ടടുത്ത് ഒരു പുരുഷൻ ഇരിക്കുന്നതാണ്.

അവളും പെട്ടെന്ന് എണീറ്റിരുന്നു. എന്നിട്ട് ഉറക്കെ പിറുപിറുത്തു: 'നാശം. ഒന്നു ചാവാനും സമ്മതിക്കില്ലേ...'.

അയാൾ അമ്പരപ്പോടെ ആ സ്ത്രീയെ നോക്കി.

താൻ പ്രേമിച്ച പുരുഷൻ തന്നെ വിട്ട് മറ്റൊരു പെൺകുട്ടിയെ കല്യാണം കഴിക്കാൻ തീരുമാനിച്ചതിൽ മനംനൊന്താണ് അവൾ ആത്മഹത്യയ്ക്ക് ശ്രമിച്ചതത്രെ. അയാൾ മൂകനായി അവളെ നോക്കി.

നേരം സന്ധ്യയായി. ഇരുട്ടായി. പിന്നെ രാത്രി വന്നു.

ദിവസങ്ങൾ പലതുകടന്നുപോയി.

ആ പുഴയോരത്ത് വേരുകൾ പരസ്പരം കൈകോർത്ത് രണ്ടു പുതിയ മരങ്ങൾ പൂത്തു തളിർത്തു നിന്നത് അധികമാരും കണ്ടതുമില്ല; ശ്രദ്ധിച്ചതുമില്ല.

പക്ഷെ ആ മരങ്ങൾക്കരികിലൂടെ എല്ലാം കണ്ടുകൊണ്ട് അപ്പോഴും പുഴ പതുക്കെ ഒഴുകിക്കൊണ്ടിരുന്നു; ഒരു നനുത്ത നിലാപുഞ്ചിരിയോടെ.

# അമ്മമാരുടെ നഗ്നതാപോരാട്ടം!



**രാജൻ എലവത്തൂർ**




**ലോ**കത്ത് ഭരണകൂട ഭീകരതക്കെതിരായി നടന്ന പല പ്രക്ഷോഭങ്ങൾക്കും ഒട്ടേറെ കാലാതീതാനുഭവ ങ്ങളാണ്. പ്രക്ഷോഭകരുടെ രീതികളും വ്യത്യസ്തതയുള്ളവയായിരുന്നു. പിന്നീട് ലോകത്ത് ഒട്ടേറെ ജനകീയ പ്രക്ഷോഭങ്ങളിൽ പുതുമയേറിയ പോരാട്ടകഥകളുണ്ടായി.

ആഫ്രിക്കയിലെ കെനിയയിൽ ജനാധിപത്യം വീണ്ടെടുക്കുന്നതിനായി നടന്ന പ്രക്ഷോഭവും അതിൽ അമ്മമാർ സമരമുഖത്ത് നഗ്നത പ്രദർശിപ്പിച്ച് നടത്തിയ ചെറുത്തുനിൽപ്പും സമരാവേശമായിരുന്നു.

1990 ജൂലൈ 27ന് കെനിയ കമുകുഞ്ചി പാർക്കിൽ സമാധാനപരമായ പ്രകടനം നടന്നു. പതിനായിരങ്ങൾ പങ്കെടുത്തു. അതിന് സർക്കാർ അനുമതി ഉണ്ടായിരുന്നില്ല. "ഗ്രീൻബെൽറ്റ്" പ്രസ്ഥാനം നട്ടുവളർത്തിയ മരങ്ങളാൽ നിബിഡമായിരുന്നു പാർക്ക്. അവിടെ ഭരണകൂടം പട്ടാളത്താൽ വെട്ടിപ്പിടിച്ചു. നിരവധി പേർ കൊല്ലപ്പെടുകയും കൂടതുലാളുകൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. "സാബ സാബ ദുരന്തം" എന്ന പേരിലാണ് ലോകം ഈ സംഭവത്തെ വിശേഷിപ്പിച്ചത്.

ദുരന്തത്തിൽ കൊല്ലപ്പെട്ടവരുടെ സ്മരണക്കായി ഗ്രീൻബെൽറ്റ് പ്രവർത്തകർ "ഉഹുനന്ദ പാർക്കി'ൽ ഒരു മരക്കൂട്ടം നട്ടുപിടിപ്പിച്ചു. ആ മരങ്ങളെ ഉന്മൂലനം ചെയ്യാൻ സർക്കാർ പദ്ധതിയിട്ടു. അതിനെ ഗ്രീൻബെൽറ്റിന്റെ നേതൃത്വത്തിൽ പരിസ്ഥിതി-പൌരാവകാശ പ്രവർത്തകർ പലവിധേന ചെറുത്തു. ആ പോരാട്ടത്തിന്റെ മുൻനിരയിൽ കൂടുതലും സ്ത്രീകളായിരുന്നു. അവർക്ക് സജീവ നേതൃത്വം നൽകിയത് നോബൽ പുരസ്കാര ജേതാവും (പ്രമുഖ പരിസ്ഥിതി-വനംസംരക്ഷണ-പൌരാവകാശ പ്രവർത്തകയുമായിരുന്ന വനിതാ പോരാളി വാംഗാരി മാതായ് ആയിരുന്നു.

സമരത്തിൽ നിരവധി യുവാക്കളും പങ്കെടുത്തു. അവരെ ഭരണകൂടം മർദ്ദിക്കുകയും തടവിലാക്കുകയും ചെയ്തു.

യുവാക്കളെ വിട്ടുകിട്ടാനായി അവരുടെ അമ്മമാർ വാംഗാരിമാതായ്യുടെ നേതൃത്വത്തിൽ ഭരണകൂടത്തെ സമീപിച്ചു. അതിന് വഴങ്ങാതിരുന്നപ്പോൾ, ശക്തമായ സഹന സമരത്തിന് അമ്മമാർ തയ്യാറായി. "ഉറക്കെ സംസാരിക്കുന്നവരെയേ സർക്കാർ ശ്രദ്ധിക്കൂ" എന്നായിരുന്നു വാംഗാരിമാതായ് അമ്മമാർക്ക് നൽകിയ സമരാവേശ സന്ദേശം.

ഭരണകൂടത്തിന്റെ പിടിയിലായിരുന്ന "അമ്മമാരുടെ മക്കളെ' അമ്മമാരെ കാണാൻ

പാർക്കിലേക്ക് വിടുമെന്നായിരുന്നു അമ്മമാരുടെ പ്രതീക്ഷ. പ്രഥമ ദിവസം ഇരുട്ട് പരക്കുന്നതോടെ 52 മക്കൾ എത്തുമെന്നായിരുന്നു പ്രതീക്ഷ. മക്കളുടെ പ്രതീകമായി 52 വലിയ മെഴുകുതിരികൾ അമ്മമാർ പാർക്കിൽ കത്തിച്ചു നിരത്തി. അമ്മമാരും മറ്റ് സ്ത്രീകളും പാർക്കിൽ തീകുണ്ഠം തീർത്ത് സ്വാതന്ത്ര്യഗീതങ്ങളാലപിച്ചു. ജീവിതാനുഭവങ്ങൾ പങ്കുവെച്ചു. സമരക്കാർക്ക് ജനപിന്തുണ ലഭിച്ചു.




"ഉണ്ണാവ്രതവും ഉറക്കമിളപ്പും' ആയിരുന്നു സമരരീതി. നാല് ദിവസം സമരം തുടർന്നു. രാവും പകലും അമ്മമാർ മക്കൾക്കായി കാത്തിരുന്നു. സമരപാർക്കിനു മുന്നിൽ 'ഫ്രീഡം കോർണർ ' എന്നെഴുതിവെച്ചു. സഹനസമരത്തിന് കൂടുതൽ ജനപിന്തുണ ഉണ്ടായി. ഭരണകൂട ഭീകരതക്കെതിരെ വൻ രോഷം ഉയർന്നു.

അഞ്ചാം ദിവസം ഫ്രീഡം കോർണറിൽ വൻ ജനക്കൂട്ടം രൂപപ്പെട്ടു. ആ സമയം ഭരണകൂടത്തിന്റെ പോലീസ് കിങ്കരന്മാർ നരനായാട്ട് നടത്തി. സമരനായിക വാംഗാരിമാതായ്ക്കുൾപ്പടെ മാരക പരിക്കേറ്റു. ആ കനത്ത സമരത്തിൽ നിന്ന് അമ്മമാർ വിട്ടുപോകാൻ തയ്യാറായില്ല. "ആ അമ്മമാർ പൂർണ്ണ നഗ്നരായി പോലീസിനു മുന്നിലേക്ക് നഗ്നമാറിടം ഉയർത്തി നിന്നു". തുടർന്ന് സമരം കൂടുതൽ ശക്തമായി. എന്നിട്ടും ഭരണകൂടം ഒതുങ്ങിയില്ല. "സമരം രാഷ്ട്രത്തിന് അപകടകരം" എന്ന് പ്രഖ്യാപിച്ച് സമരക്കാരായ അമ്മമാരെ പോലീസ് ബലം പ്രയോഗിച്ച് നീക്കി. പാർക്കും പരിസരവും സുരക്ഷാവേലി കെട്ടി പോലീസ് കാവൽ നിന്നു.

ഈ സഹനസമരം (ഉണ്ണാവ്രത-ഉറക്കമിളപ്പ് സമരം) ഒരു വർഷം നീണ്ടുനിന്നു. അമ്മാർക്ക് കാവലായി പുരുഷന്മാരും നിരന്നു.

ഒടുവിൽ ലോകത്തിന്റെ വൻ സമ്മർദ്ദത്തെ തുടർന്ന് 1993 ഫെബ്രുവരിയിലെ ഒരു ദിവസം അമ്മമാരുടെ മക്കളെ തടവറയിൽ നിന്നും സർക്കാർ മോചിതരാക്കി.

**ആഫ്രിക്കയിലെ കെനിയയിൽ ജനാധിപത്യം വീണ്ടെടുക്കുന്നതിനായി നടന്ന പ്രക്ഷോഭവും അതിൽ അമ്മമാർ സമരമുഖത്ത്നഗ്നത പ്രദർശിപ്പിച്ച് നടത്തിയ ചെറുത്തുനിൽപ്പും സമരാവേശമായിരുന്നു.**
**1990 ജൂലൈ 27ന് കെനിയ കമുകുഞ്ചി പാർക്കിൽ സമാധാനപരമായ പ്രകടനം നടന്നു. പതിനായിരങ്ങൾ പങ്കെടുത്തു.**

സമരം തീർന്നപ്പോൾ സമരനായിക വാംഗാരിമാതായ്ക്കുനേരെ ഭരണകൂടം പല ചെറുത്തുനിൽപ്പു കളും നടത്തി. 1992 ൽ ബ്രസീലിൽ നടന്ന ഭൌമ ഉച്ചകോടിയിൽ പങ്കെടുക്കാൻ വാംഗാരിക്ക് കെനിയൻ പ്രസിഡണ്ട് അനുമതി നൽകിയില്ല. ഫ്രീഡം കോർണറിൽ "നഗ്നരാകാൻ അമ്മമാരെ' പ്രേരിപ്പിച്ചു എന്നതായിരുന്നു വാദം. ഒടുവിൽ കോടതിയുടെ അനുമതിയോടെയാണ് വാംഗാരി ഉച്ചകോടിയിൽ പങ്കെടുത്തത്.

ഉച്ചകോടിയിൽ സർക്കാരേതര സന്നദ്ധ സംഘടനകൾ അവരുടെ വക്താവായി വാംഗാരിമാതായെ തെരഞ്ഞെടുത്തത് ഭരണകൂടത്തിനെതിരെ വൻ താക്കീതായി മാറി. ●



# കനൽ

തീയാളി കത്തിയിട്ട് പോലും
ചോറ് തിള ചില്ല..
അമ്മയുടെ കണ്ണിൽ
നിന്നും  രണ്ടു തുള്ളി
കണ്ണീർ  കല ത്തിൽ
വീണത്രെ..
കനലി നു പോലും
സങ്കടം ആയത്രെ...

# ഒളിയിടങ്ങൾ

കുടിയോഴി പ്പിക്കാതിരിക്കാൻ
ഹൃദയത്തിന്റെ
ഇരുട്ടിൽ ചില
ഒളിയിടങ്ങൾക്
ഇപ്പോഴും സ്ഥാനമുണ്ട്
ഓർമകളുടെ ചിറകിലേറി
ആരെങ്കിലും
വരാനുള്ള
പാകത്തിൽ..



സി.വി. സത്യൻ

# മണ്ണിൽ ഒരു കാല്പാട്

മുന്നിൽ
മണ്ണിൽ
ഒരു  കല്പാട്

മുട്ടുക്കുത്തിയിരുന്നു സാവധാനം
കല്പാടിൽനിന്നും
 മണൽ
വാരിയപ്പോൾ
വിയർപ്പിന്റെ രൂക്ഷഗന്ധം

നെഞ്ച് ചിതറി വീണ കണ്ണീരിന്റെ ഉപ്പ്

മുള്ളിലും കല്ലിലും തട്ടിമുറിഞ്ഞവന്റെ രക്തകറ

വർഷത്തിൽ ഒരിക്കൽ ജീവിതം ആസ്വദിക്കുന്നവന്റെ
സ്വപ്നത്തിന്റെ വളപ്പൊട്ടുകൾ

എനിക്ക് മുന്നേ നടന്ന പ്രവാസിയുടെ കാല്പാട്



ബൈജു റാഫേൽ ആലുവ

# ഓർമ്മത്തോറ്റങ്ങൾ

**കവിത**



**ദർശന**

ഉറയാറുണ്ടിരുൾത്തോറ്റങ്ങൾ ഓരോരോ രാവിലും
കുതറുന്ന ചിന്തകളോട്
പൊരുതിയെൻ
ചേതന മണ്ടിത്തളരുന്ന നേരത്ത്
വർത്തമാനത്തിൻ കരിമ്പുകതുപ്പി
കടന്നുപോവുകയാണെന്റെ ആയുസ്സിൻ തീവണ്ടി.
ശോഷിച്ച പാളത്തിലൂടെ,
ശൂന്യമാം ബോഗികൾ,
ഓർമ്മകൾ  കയറിയിറങ്ങുന്നുണ്ടു,
കൂട്ടമായി കാത്തുനിൽക്കുന്നു പാതയിൽ,
പിൻനടത്തത്തിനായ് എന്നെ ക്ഷണിക്കുന്നു,
കാലത്തെ പുറകിലൊഴുക്കുവാൻ വെമ്പുന്നു.
ക്ഷണിക ജീവിത യാഥാർത്ഥ്യങ്ങളിൽ
തടഞ്ഞ് പൊട്ടിച്ചിതറുന്നു, കുതറുന്നു,
പതറുന്നുണ്ടീ വർത്തമാനത്തിൻ
കടുംനിഴൽപ്പാതയിൽ,
തകർന്ന പാളങ്ങളിൽ
ഇളക്കിത്തെറിക്കുന്ന മാത്രയിൽ ഞാനൊന്നു
വീണ്ടെടുക്കാൻ ശ്രമിക്കുന്നെന്റെ ചേതന.
ഓർമ്മത്തഴപ്പിൻ കുഞ്ഞു മേഘങ്ങളിൽ നിന്നും
പൊഴിയുന്നൊരാകാശക്കണ്ണുനീർ
അന്നേരമമൃതധാരയായി മാറുന്നു.
ഭൂതകാലത്തിൻ ചിമിഴിൽ അലസമായി
ചുരുണ്ടു മയങ്ങിക്കിടക്കുന്ന നേരത്ത് ,
തോറ്റങ്ങളുറയുന്നു ,
കീറിപ്പുറത്തെയ്ക്കെടുക്കുന്നു
വർത്തമാനത്തിൻ കൂർത്തകമ്പാൽ തുളയ്ക്കുന്നു.
ചരടിലായ് കൊരുത്തെന്നെ
പിടിയിലൊതുക്കാൻ ശ്രമിക്കുന്നു.
പാതകളറ്റു പോകുന്നു,കാലം മുറിയുന്നു ,
യാനം   നിലക്കുന്നുണ്ടീയർദ്ധ നിമിഷത്തിൽ
ഞാനോ വ്യഥകളിലേക്ക്
കൺകൾ തുറക്കുന്നു.



# അന്നപൂർണിമ




**എഴുതിയത് :**
**ഡേവിസ് കണ്ണനായ്ക്കൽ**
**ജെയിംസ് കാരിക്കാട്ടിൽ എംഎംബി**

# സ്നേഹാഞ്ജലിയാണിത്...

അസ്തമയ ചക്രവാളത്തിന് അഭിമുഖം നിൽക്കുമ്പോൾ ഹൃദയ ത്തിൽ തിടംവെക്കുക ദുഃഖഭാവമാണ്. സന്ധ്യയും രാത്രിയും പിന്നിട്ട് പുലരിയും പ്രഭാതവും പകലുമൊക്കെ വരുമെന്ന അറിവിനും മീതേ ശോകഛവി പടർന്നുകയറും.

മരണം ഒന്നിന്റേയും അന്ത്യമല്ലെന്നും സ്വർഗ്ഗത്തിലുള്ള പിറവിയാണെന്നും വിശ്വാസപ്രമാണമാണ്. എങ്കിലും പ്രിയപ്പെട്ടവരെ മരണം റാഞ്ചിയെടുക്കുമ്പോൾ കണ്ണു നിറയുന്നതും തേങ്ങലടക്കാൻ പാടു പെടുന്നതുമൊക്കെ സ്വാഭാവികം. നിയന്ത്രണം വിട്ട് പൊട്ടിക്കരയുന്നത് ചിലർക്കെങ്കിലും ആശ്വാസം. മരിച്ചവർ പതിപ്പിച്ചുപോയ മനസ്സിലെ അടയാളങ്ങളുടെ ആഴമനുസരിച്ചുള്ള പ്രതികരണങ്ങൾ പിന്നെ ഓർമ്മകളുടെ അഗ്നിശലഭങ്ങളാകും...

ആനി ടീച്ചർ എന്ന് പ്രിയതരമായി വിളി

ക്കുന്ന പ്രൊഫ. അന്നം ജോൺ ശിഷ്യഗണങ്ങളിലും ജീവിതത്തിൽ വ്യാപരിച്ച മേഖലകളിലെയൊക്കെ സഹപ്രവർത്തകരിലും സ്നേഹാനുഭവങ്ങളുടെ തേനടയായിരുന്നു. സൗമ്യതയുടെ പര്യായം. ശാന്തതയുടെ തംബുരു. ആത്മാർത്ഥതയുടേയും അർപ്പണബോധത്തിന്റേയും അക്ഷയപാത്രം... അങ്ങനെയൊരാൾ അനുഭവപരിസരത്തുനിന്നും അണിയറയിലേക്കെടുക്കപ്പെടുമ്പോൾ വിലപ്പെട്ടതെന്തോ കൈമോശം വന്നതിന്റെ തീക്കാറ്റ് വീശും. അതിനൊരു പരിഹാരം പലരൂപത്തിലുമാകാം. ഓർമ്മപ്പുസ്തകം അർഹിക്കുന്ന ഒരു തിലോദകമായി സമർപ്പിക്കാം.

“അന്നപൂർണ്ണിമ’യെന്ന് ആനി ടീച്ചറെ സംബന്ധിച്ചുള്ളൊരു ഓർമ്മ പുസ്തകത്തിന് പേരിട്ടത് നൂറുമേനി അർത്ഥപൂർണം. അതറിയുക ഓർമ്മപുസ്തകത്തിന്റെ വ്യതിരക്തതയിൽ നിന്നുകൂടിയാണ്. ജന ജീവിതത്തിന്റെ വൈവിധ്യമാർന്ന മേഖലയിലെ യശോസ്തംഭങ്ങളായവർ അവരറിയുന്ന പ്രൊഫ. അന്നം ജോണിനെ വാക്കുകളിലേക്കു പകർത്തിയിരിക്കുന്നു.

നല്ലൊരു സാഹിത്യാസ്വാദകയും എഴുത്തുകാരിയുമായിരുന്നു ആനി ടീച്ചർ.

പത്രാധിപസമിതിയിൽ അംഗമായി മേരിവിജയം മാസികയിൽ പ്രസിദ്ധീകരിച്ച നിരവധി ലേഖനങ്ങൾ അതിന്റെ സാക്ഷ്യം. മികച്ച ചെറുകഥാകൃത്തും നോവലിസ്റ്റുമായ ഭർത്താവ് പ്രൊഫ. വി.പി.ജോൺസിന്റെ രചനകളെ ആസ്വാദകതലത്തിൽ വിലയിരുത്തി നൽകിയിരുന്ന പ്രതികരണങ്ങളെ കുറിച്ചറിയുമ്പോഴാണ് ആ നിലയ്ക്കുള്ള ഗരിമ തെളിയുക. അതുകൊണ്ടുതന്നെ ഓർമ്മപ്പുസ്തകത്തിൽ സമാദരണീയയായൊരു ഗുരുശ്രേഷ്ഠയെക്കുറിച്ച് ആനി ടീച്ചറെഴുതിയ ലേഖനം ഉൾപ്പെടുത്തിയിരിക്കുന്നു.

ആനി ടീച്ചറുടെ മരണശേഷം പ്രൊഫ. വി.പി. ജോൺസുമായി സംവദിക്കുമ്പോൾ ഓർമ്മകളുടെ കടലിരമ്പം വാക്കുകൾ മുറിക്കുന്നത് കേട്ടാലറിയാം മാതൃകാദാമ്പത്യത്തിന്റെ ഇഴയടുപ്പം. നെല്ലിക്ക പോലെ ചവർപ്പും മധുരവുമൊക്കെയായി ധന്യതയാർന്ന് സാക്ഷാൽ സഹധർമ്മിണിയായി ജീവിതം പങ്കുവെച്ച ഇണക്കിളി മരണവേടന്റെ അമ്പേറ്റുവീണ ദുഃഖം മനോഹരമായൊരു കഥയുടെ ഭാഷാന്തരത്തിലൂടെ അക്ഷരാഞ്ജലികളായി സമർപ്പിക്കുന്നുവെന്നത് അന്നപൂർണ്ണിമയ്ക്ക് മഴവിൽ ശോഭ നൽകുന്നു.

കോവിഡ് നിയന്ത്രണങ്ങളുടെ മൂർദ്ധന്യത്തിലായിട്ടും ആദരാഞ്ജലികളർപ്പിക്കാനും അനുശോചനമറിയിക്കാനും എത്രയെത്ര പേരെത്തിയെന്നത് സാമൂഹ്യജീവിതത്തിൽ ആനി ടീച്ചർ കരസ്ഥമാക്കിയ സ്നേഹ സിംഹാസനം എത്രയോ രത്നഖചിതമെന്ന് അനാവൃതമാക്കുന്നു. മാധ്യമങ്ങൾ ആ മരണവൃത്താന്തം ലോകത്തെ അറിയിച്ചതും ഓർമ്മയുടെ അടരുകളായി വിലപ്പെട്ടതുതന്നെയെന്ന് ഓർമ്മപ്പുസ്തകതാളുകൾ സാക്ഷ്യം വഹിക്കുന്നു. ആനി ടീച്ചറുടെ ജീവിതയാത്രയിലെ വിവിധ മുഹൂർത്തങ്ങളും തെളിവാർന്നുള്ള ചിത്രങ്ങളും ഓർമ്മപുസ്തകത്തിന്റെ പൂർണ്ണതയിലെ രജതതാരകകൾ തന്നെ.

പ്രൊഫ. അന്നം ജോൺ ഹിമബിന്ദുവിൽ പ്രതിഫലിക്കുന്ന കാനനഭംഗി കണക്കെ അന്നപൂർണ്ണിമയിൽ തൂവിത്തുളുമ്പിയാൽ ആ ഓർമ്മകൾക്കുള്ള സ്നേഹാഞ്ജലിയെന്ന നിലയിൽ അണിയറയിൽ പ്രവർത്തിച്ചവർ ധന്യരാകും.



# ഉന്മാദത്തിന്റെ ദിനങ്ങൾ

ശൈത്യത്തിന്റെ വിഷാദ കടൽത്തീരത്ത്.
സായന്തനത്തിന്റെ അന്ത്യ നേരത്ത്
കൈയ്യിലൊരു
പനനീർ ചെണ്ടുമായി
നീ
എന്തിനാണ്
എന്നിലേക്കെത്തിനോക്കുന്നത്.

കവിതയുടെ നേർ ഛായ പൂശിയ എന്റെ
പകലുകളുടെ
ഓർമ്മ
മങ്ങിപ്പോയിരിക്കുന്നു.

കാത്തിരുന്ന ഒരുവൾക്ക്
ഒരു പിടി
വാക്കുകൾ
ബാക്കി വെയ്ക്കാൻ മറന്നിരിക്കുന്നു.

കൊടുങ്കാറ്റിന്റെ ഊർജ്ജമൊടുങ്ങിയ
പ്രണയത്തിന്റെ
കാടുകളിൽ
ഒരു
വിത്തു പോലും കൊത്തിയിടാതെ
ഒരു കിളി
ചിറകടിച്ച് പറന്നു പോയിരിക്കുന്നു.

പ്രിയ ഹെം ലെക്ക് നിന്നെ ചിരിച്ചു കൊണ്ട്
സ്വീകരിക്കാൻ
ഞാൻ
സോക്രട്ടീസല്ല.
ലോല
ലോല തന്തുക്കളുമായി
ഒരാൾ
വിഷാദത്തിന്റെ കടൽ തീരത്ത്.
സായന്തനത്തിന്റെ അന്ത്യ നേരത്ത്.

ഇനിയൊരു പക്ഷിയും വസന്തത്തിന്റെ
പാട്ടുമായി വരാതിരിക്കട്ടെ.

തൂലികയ്ക്കൊപ്പം
ഇനി മുതൽ
ഒരു
തോക്കും
കൈയ്യിൽ കരുതിവെയ്ക്കട്ടെ ഞാൻ......



എം. കപിൽദേവ്.

# ആ വഴികൾക്കിരുവശവും



കവിത

ആ വഴികൾക്കപ്പുറമങ്ങേയറ്റമൊരു
വളവിലാ വീട്ടിൽ നീയുണ്ടെന്നറിയാം..

ഈ വഴികൾക്കിപ്പുറമിങ്ങേയറ്റമൊരിടത്ത്
ഞാനുള്ളതും നിനക്കറിയാം..

പരസ്പരമൊരു വാക്കുപോലുമില്ലെങ്കിലും
പലയിടങ്ങളിലും നമ്മൾ കണ്ടു മുട്ടുന്നുണ്ടാവാം..

ഒരു പുഞ്ചിരി മാത്രമൊരു മറുപടിയായയൊതുക്കി
തിരിഞ്ഞു നോക്കാതെ നാമകന്നു പോകുന്നുണ്ടാകാം..

കണ്ണുകൊണ്ടുപോലുമൊരു നോട്ടമെറിയാതെ
ഒരേയിടങ്ങളിൽ പരിചയമുള്ള അപരിചിതരായിട്ടുണ്ടാവാം..

ഒരു നിമിഷമൊന്നൊരുമിച്ചു നിന്നിട്ടില്ലയെങ്കിലും
നമുക്കിരുവർക്കും നമ്മെ നന്നായി അറിയുന്നുണ്ടാവാം..

ഇവിടെ പെയ്യുന്ന മഴയും അവിടെ തെളിയുന്ന വെയിലും
രണ്ടിടങ്ങളിലിരുന്ന് ഒരുമിച്ചാസ്വധിക്കുന്നുണ്ടാവാം..

ഞാനറിയാൻ വേണ്ടി മാത്രം പറഞ്ഞ വാക്കുകളും
നീയറിയാൻ വേണ്ടി മാത്രമെഴുതിയ വരികളും
ഇന്നുമവിടങ്ങളിൽ കാത്തുകിടപ്പുണ്ടാവാം..

കാത്തിരുപ്പ് മാത്രമാണ് മിച്ചമെന്നറിഞ്ഞുകൊണ്ട്തന്നെ
പല സന്തോഷങ്ങളിലും മനസ്സ് കൊണ്ടിറുകെ പുണരുന്നുണ്ടാവാം..

ഓരോ സങ്കടങ്ങളിലുമൊരു മറുവാക്ക് തിരികെ ചോദിക്കാതെ
നമ്മൾ നമ്മളിലേക്കോടി കയറുന്നുണ്ടാവാം..

വീണുപോയ തിരശീലകളെയെല്ലാം മാറ്റി
വീണ്ടും നമുക്കായൊരു വേദി സൃഷ്ട്ടിക്കുന്നുണ്ടാവാം..

മാഞ്ഞു പോകുന്നതിനെയെല്ലാം മനസ്സിൽ ഇടയ്ക്ക്ക് ചികഞ്ഞു കൊണ്ട്
നടന്നടുത്ത വഴികളറിയുന്നുണ്ടാവാം...

ഓർമ്മകൾക്കോടിയൊളിക്കാനൊരിടമുണ്ടാവാം,,
അവിടെ നമ്മൾ പരസ്പരം കാവലുണ്ടാവാം...

സ്വന്തമാകാതെ തന്നെ സ്വന്തമായിട്ടുണ്ടാവാം..
അതിലേറെയും പരിഭവങ്ങളുണ്ടാവാം..

നമുക്കായൊരു ദിനമുണ്ടാവില്ലെന്നറിഞ്ഞുകൊണ്ട് തന്നെ
ആ ദിനവും പ്രതീക്ഷിച്ചിരുവഴിയേ നോക്കുന്നുണ്ടാവാം..

അതേ!
നാമിരുവരും ഒരേ വഴികൾക്കിരുവശവുമുണ്ട്..
ഇനിയും വഴികളവസാനിക്കുന്നില്ലെന്നറിഞ്ഞുകൊണ്ട് തന്നെ.....



അലിഷ മാഹിൻ



# പഴമാങ്ങ



കയ്യുമ്മു കോട്ടപ്പടി

കാക്കക്കൊത്തി-
ക്കുടഞ്ഞിട്ട മാമ്പഴം
ഇടവഴിയും കടന്ന്,
കരിമ്പനക്കാടും കടന്ന്
പുഴയോരത്തണലിൽ
വിശ്രമത്തിലേക്ക് ചാഞ്ഞു.

അപ്പോഴും തനിക്കു
മുമ്പിലേക്ക്
മാമ്പഴച്ചണ്ടി കുടഞ്ഞിട്ട്
ഒറ്റക്കണ്ണൻ കാക്ക
ഏതൊക്കെയോ
മാമ്പഴച്ചില്ലയിലേക്ക്
പറന്നു പോയി ...

അപ്പോൾ മറ്റൊരു
കൊതിച്ചിക്കാക്ക വന്ന്
അണ്ടി പോയ
ചണ്ടിയിലിരുന്ന്
കൊത്തിപ്പറഞ്ഞ് .......

വേനലിന്റെ
പുളിയണ്ടിയായ്
വീണ്ടുമൊരു
വസന്ത കാലമായ്
കൊമ്പിൻ ചാഞ്ഞി -
രുന്നു കൊണ്ട്
എന്നെ നോക്കി
കരഞ്ഞു പോയ്
കാക്കാ.... കാക്കാ....





നിത്യലക്ഷ്മി

# കരുണാമയിയായ മാതാവേ...!

നുരഞ്ഞു പൊന്തിയ ദേഷ്യം ഒരു പുഞ്ചിരിയിൽ ഒതുക്കാൻ ശ്രമിച്ച് പരാജയപ്പെട്ടപ്പോൾ അവൾ എഴുന്നേറ്റു.

'നോക്കൂ, അഭിനവ് എനിക്ക് എന്തോ ഇതൊന്നും ശരിയാകുമെന്ന് തോന്നുന്നില്ല. കൂട്ടിലിട്ട കിളിയെപ്പോലെ... എന്നെ വിട്ടേക്ക്.'

'നീ എന്താ കളിക്കുന്നോ. അങ്ങനെ നിനക്കൊക്കെ തോന്നുമ്പോ തോന്നുമ്പോ കളഞ്ഞിട്ട് പോക്കൊക്കെ അങ്ങ് സിനിമയിൽ. എന്റടുത്തു കളിക്കാൻ നിന്നാലുണ്ടല്ലോ.'

അവൾ പിന്നെ ഒന്നും പറഞ്ഞില്ല. കൈയിൽ മുറുക്കെപ്പിടിച്ചിരുന്ന പുസ്തകത്തിനടിയിൽ, രാവിലത്തെ പത്രത്തിൽ വന്നൊരു വാർത്ത അവൾ വെട്ടിയെടുത്ത് സൂക്ഷിച്ചിരുന്നു, മരവിപ്പിൽ അലിഞ്ഞു ചേർന്ന ഒരു ഭീതിയോടെ.

ആ വാർത്ത ഇപ്രകാരമായിരുന്നു, 'പ്രണയനൈരാശ്യം ; പെൺകുട്ടിയെ കഴുത്തറുത്ത് കൊന്ന ഇരുപത്തൊന്നുകാരൻ കസ്റ്റടിയിൽ.'

അതിന്റെ ഓർമയിൽ അവൾ നിന്ന് വിയർക്കുകയും പതറുകയും ചെയ്തു.

ആ ദിവസത്തിന് ശേഷമുള്ള വെള്ളിയാഴ്ച ലൈബ്രറിയിൽ പോയപ്പോഴാണ് അവളുടെ കണ്ണിൽ പത്മരാജന്റെ 'ലോല' ഉടക്കിയത്.

രണ്ടാമതൊരു പുരുഷ ശബ്ദം തന്റെ കാതിൽ വീഴുകയോ, മറ്റൊരു പുരുഷ രൂപം കൂടെ കണ്ണിൽ പതിക്കുകയോ ചെയ്യുന്നുണ്ടോ എന്നറിയാൻ ലൈബ്രറിക്ക് മുന്നിലെ മരത്തണലിൽ കാവൽ നിൽക്കുന്ന അവന് വേണ്ടി അവൾ ലോലയിലെ ആ വരികൾ വരച്ചിട്ടു,

'രാവിലെ തമ്മിൽ പിരിഞ്ഞു.

വീണ്ടും കാണുക എന്നൊന്നുണ്ടാവില്ല.

നീ മരിച്ചതായി ഞാനും ഞാൻ മരിച്ചതായി നീയും കണക്കാക്കുക.

ചുംബിച്ച ചുണ്ടുകൾക്കു വിടതരിക.'

പേടിയോടെയാണ് തിരിച്ചിറങ്ങിയപ്പോൾ അവന്റെ കൈയിലേക്ക് പുസ്തകം വച്ച് കൊടുത്തത്, വീട്ടിൽ ചെന്നിട്ടെ തുറക്കാവു എന്ന നിബന്ധനയോടെ.

'ഇതെന്താ പുതിയൊരു പതിവ്.'

പൊതുവെ പുസ്തകങ്ങളെ മടുപ്പോടെ മാത്രം നോക്കുന്ന അവൻ, അല്പം ഈർഷ്യയോടെ അത് വാങ്ങി ബാഗിന്റെ ഏതോ അറിയിലിട്ടു.

പിന്നെ അവൻ അത് ഓർത്തതേയില്ല. കോളേജിൽ നിന്ന് മടങ്ങിയെത്തിയാൽ പിന്നെ അവന് ജീവിതം ഒരു ലഹരിയാണ്. തണുത്തുറഞ്ഞ് മഞ്ഞപ്പിത്തം ബാധിച്ച ഗൗരവക്കാരന്റെ ഭാവമൊക്കെ കാവേരിക്ക് മുന്നിൽ മാത്രം.

വീട്ടിൽ അമ്മയുടെ മടിയിലുറങ്ങുന്ന ചെല്ലക്കുട്ടിയും, കൂട്ടുകാർക്കൊപ്പം ആടിപ്പാടി നടക്കുന്ന അവരുടെ പ്രിയപ്പെട്ടവനുമാണ് അവൻ. വൈകിട്ട് ആറ് മണിക്ക് ശേഷം സ്ഥിരമായി അടുത്തുള്ള കവലയിൽ ചെന്നിരിക്കുകയും കൂട്ടുകാർക്കൊപ്പം ചേർന്ന്, നേരം വൈകി വീട്ടിലേക്ക് പോകുന്നവരും അമ്പലത്തിലേക്ക് പോകുന്നവരുമായ പെൺ

കുട്ടികളുടെ ശരീരവളവും വടിവും നോക്കി, തുപ്പലിറക്കി കമന്റിക്കുകയും ചെയ്യുന്നതാണ് അവന്റെ വിനോദം.

അത്ര തിരക്ക് പിടിച്ചവനും ആത്മാർത്ഥയുടെ മറ്റൊരു പേരും ആയിപ്പോയത് കൊണ്ട് അവൾ കൊടുത്ത 'ലോല'യെക്കുറിച്ച് അവൻ സൗകര്യപൂർവ്വം മറന്നു. അല്ലാതെ, നിങ്ങൾ കരുതുമ്പോലെ കാമുകി പതിവില്ലാതെ കൊടുത്ത പുസ്തകത്തിനകത്ത് പ്രണയലേഖനമുണ്ടൊ എന്ന് ആകാംഷയോടെ തപ്പുന്ന കാമുകൻ ആയിരുന്നില്ല അവൻ, പറഞ്ഞില്ലേ ആത്മാർത്ഥതയുടെ മറ്റൊരു പേരെന്നൊക്കെ!

വൈകിട്ട് അവന്റെ പാത്രം കഴുകാൻ ബാഗ് തുറന്നപ്പോൾ അമ്മയാണ് ആ പുസ്തകം കണ്ടുപിടിക്കുന്നത്. അവർ ഒരു വമ്പൻ ആക്ടിവിസ്റ്റും ലിംഗസമത്വവാദിയും ഒക്കെയാണെങ്കിലും എന്ത് ചെയ്യാനാ, സ്വന്തം പാത്രം കഴുകാൻ മകനെ പഠിപ്പിച്ചിട്ടേയില്ല.

ആക്റ്റീവിസ്റ്റ് എന്നതിനേക്കാൾ, വലിയ വായനക്കാരിയും കൂടെയാണ് അവർ. പത്മരാജന്റെ പുസ്തകം ഇവന്റെ ബാഗിലോ എന്ന ഞെട്ടലിൽ എടുത്ത് മറിച്ചതായിരുന്നു ആ പുസ്തകം.

ചുവന്ന മഷി കൊണ്ട്, അതോ രക്തം കൊണ്ടോ അടയാളപ്പെടുത്തിയ ആ വാചകം അവരിലൊരു നിശ്വാസം ഉയർത്തിയതും പുസ്തകത്തിനിടയിൽ വച്ചിരുന്ന, പ്രണയനൈരാശ്യം കാരണം പെൺകുട്ടിയെ കൊലപ്പെടുത്തിയ ഇരുപത്തൊന്നുകാരന്റെ വാർത്ത കൂടെ കൂട്ടി വായിച്ചപ്പോൾ നിശ്വാസം ഉയർന്ന് കുറുകി ഉറക്കമില്ലാത്ത ഒരു ദിവസം അവർക്ക് സമ്മാനിച്ചതും വളരെ പെട്ടന്നായിരുന്നു.

അറിയപ്പെടുന്ന ഒരു സ്ത്രീസമത്വവാദിയുടെ മകനെ, ഒരു പെൺകുട്ടിയുടെ കൊലപാതകത്തിന്റെ പേരിൽ പോലീസ് അറസ്റ്റ് ചെയ്തു കൊണ്ട് പോകുന്നത് ആത്മാഭിമാനത്തെ മുറിപ്പെടുത്തുമല്ലോ എന്ന ചിന്തയിൽ അവരുടെ മുഖം വികൃതമായി.

അടുത്ത ദിവസം വീട്ടിലെ കത്തികൾ മുഴുവനുമെടുത്ത് ബെഡ് റൂമിൽ വച്ച് പൂട്ടിയും, രണ്ടാം ദിവസം അമ്മക്ക് തലവേദനയാണ് മോനിന്ന് ഇവിടെ നിൽക്കൂ എന്ന് പറഞ്ഞ് അവനെ വീട്ടിൽ പിടിച്ചു നിർത്തിയും സമാധാനപ്പെട്ടങ്കിലും, മൂന്നാം ദിവസം അവർ രണ്ടും കല്പിച്ച് അവനോട് ചോദിച്ചു, 'പ്രേമം വല്ലോം ഉണ്ടോ നിനക്ക്?'

പെട്ടന്നുള്ള ചോദ്യത്തിന്റെ അമ്പരപ്പിലും ജാള്യതയിലും അവൻ മുഖത്ത് നാണം വരുത്താൻ ശ്രമിച്ചെങ്കിലും അതിൽ പതറിപ്പോയത് കൊണ്ട് അവളെപ്പറ്റി അടിമുടി തെറ്റാതെ എല്ലാം പറഞ്ഞ് ശ്വാസം വിട്ടു.

എല്ലാം കേട്ട ശേഷം അമ്മ നിനക്ക് വേണ്ടി മനസ്സിൽ സ്വപ്നം കൂട്ടിയിരിക്കുന്നത് ഒരു പീറ ഡിഗ്രിക്കാരിയെ അല്ലെന്നും മോന് അമ്മയെ ഇഷ്ടമാണെങ്കിൽ ആ പെണ്ണിനെ മറന്ന്, അമ്മ പറയുന്ന സമയം വരെ കാത്തിരുന്ന്, അമ്മ പറയുന്ന കുട്ടിയെ കല്യാണം കഴിക്കണമെന്നും പറഞ്ഞൊപ്പിച്ചു.

സാഹചര്യത്തിന് ഒരു നാടകീയത കൈവരാൻ കണ്ണ് നിറച്ച് കൊണ്ട്, മുറിയുടെ വാതിലടച്ചു കുറ്റിയിട്ട് അവനെ പുറത്താക്കുകയും ചെയ്തു.

അവൻ കരയുമെന്ന് നിങ്ങൾ കരുതിയോ? അവൻ ആത്മാർഥയുടെ നിറകുടമല്ലേ... നേരെ ഫോണെടുത്ത് അവളെ വിളിച്ച് അമ്മയുടെ ആഗ്രഹത്തിനൊപ്പം മറ്റ് പല കാരണങ്ങളും പറഞ്ഞ് ഒരു ബ്രേക്ക് അപ്പ്പറഞ്ഞ്, അവൾക്ക് പറയാനുള്ളതൊന്നും കേൾക്കാതെ ബ്ലോക്ക് ചെയ്തു.

അവളൊന്ന് തിരിച്ചു വിളിച്ചു നോക്കി, പറഞ്ഞതൊക്കെ ഉള്ളതാണോ എന്നറിയണ്ടേ.. ബ്ലോക്ക് ആക്കിയെന്ന് മനസിലായിട്ടും അവൾ മെഴുകുതിരി കത്തിച്ച് വച്ച് രാത്രി മുഴുവൻ പ്രാർത്ഥിച്ചു.


കോളേജിൽ ചെന്നിട്ടും അടുത്ത ഒരാഴ്ച അവൻ തന്റെ നിഴലിൽ പോലും നോക്കാതിരുന്ന ശേഷമാണ് അവൾ ശ്വാസമൊന്ന് നേരേ വിട്ടത്.

വീട്ടിൽ ചെന്ന് വീണ്ടും മെഴുകുതിരി കത്തിച്ച്, മാതാവിന് നന്ദി പറഞ്ഞ് പ്രാർത്ഥിച്ചു.

അവളുടെ പ്രാർത്ഥന പക്ഷേ, യേശുവിന്റെ മാതാവിന്റെ രൂപത്തിന് മുന്നിലായിരുന്നില്ല. പണ്ടൊരിക്കൽ അവൻ പേഴ്സിൽ നിന്ന് എടുത്ത് കൊടുത്ത അവന്റെ അമ്മയുടെ ഫോട്ടോ,അവൻ ബ്രേക്ക് അപ്പ് പറഞ്ഞ് ഫോൺ വച്ച രാത്രിയിൽ തപ്പിയെടുത്ത് അതിന്റെ മുന്നിലായിരുന്നു മെഴുകുതിരി കത്തിച്ച് വച്ച് അവളുടെ പ്രാർത്ഥന :

'എന്റെ പ്രിയ മാതാവേ, നിങ്ങളാണെന്റെ ദൈവം. നിങ്ങളുടെ മനസ് ഈ ജന്മത്തിലും അടുത്ത ജന്മത്തിലും, ഇനി ഒരു ജന്മത്തിലും മാറരുതേ. എന്നോട് കരുണ ചൊരിഞ്ഞതിൽ എന്നും നന്ദിയുണ്ടാകുമേ...'

കവിത



# തലവരത്താളുകൾ



ജയപാലൻ കാര്യാട്ട്

പിന്നെയും കേൾക്കുവാൻ കാതോർക്കും പാട്ടിന്റെ
പിന്നാമ്പുറങ്ങളിൽ തേങ്ങൽ.
പിഞ്ഞിയ ധാവണിപ്പെണ്ണിന്റെ പുഞ്ചിരി
നെഞ്ചിലുണർത്തുമസ്വാസ്ഥ്യം,
ഓടിക്കളിക്കും കുരുന്നു ബാല്യത്തിന്റെ
ഓർമ്മകൾ മായാത്ത ചിത്രം,
പുസ്തകത്താളിലൊളിപ്പിച്ച പീലികൾ
പെറ്റുപെരുകുന്ന സ്വപ്നം.
തുള്ളുമൊരുള്ളം ചിലങ്കകൾ കെട്ടി
തുള്ളിക്കളിച്ച കൗമാരം,
പിച്ചകപ്പൂക്കൾ മുടിക്കെട്ടിൽ ചൂടിയാൾ
പിച്ചവെച്ചെൻ മുന്നിലെത്തി,
തള്ളിവരും നല്ലനാളുകളോർമ്മതൻ
തന്ത്രിയിൽ നിന്റെ നിശ്വാസം
തേരേറി ചേലിലിറങ്ങുന്ന സുന്ദരി
ചേലൊത്തോളുള്ളം കുളിർത്തു.
ഓടൽക്കുഴൽവിളി രാധതൻ കാതിലെ
പിയൂഷമായെത്തി വീണ്ടും
വെള്ളാരംകുന്നിലെ വെണ്ണക്കടവിങ്കൽ
നീരാട്ടിനെത്തി പൂന്തിങ്കൾ
മിന്നിമായും വർണ്ണരേണുക്കൾ ചൂടുന്ന
തോഴിമാർ താരകക്കൂട്ടം.
വർണ്ണവസന്തത്തേൻ തുള്ളികൾ പേറുന്ന
പൗർണ്ണമിരാവിന്റെ ചന്തം
കൂട്ടിരിക്കും കളിക്കുട്ടുകാർ കൂട്ടമായ്
കേട്ടിരിക്കും കഥാവേള
താളം മുറുകി നടനം തുടർന്നിടെ
നാദം മുറിഞ്ഞെല്ലാം മൂകം.
കണ്ണേറ്റുലഞ്ഞൊരു നഷ്ടസ്വപ്നത്തിന്റെ
കണ്ണികളൊന്നായകന്നു,
കൂട്ടിക്കിഴിക്കും കണക്കുമറന്നൊരു
കൂട്ടാളിതൻ ദീനചിത്രം
തോളൊന്നുറയ്ക്കാതെ ചോടുമറന്നന്നു
തേടിയ സ്വപ്നം തകർന്നു.
കീറിമുറിഞ്ഞ തലവരത്താളുകൾ
കൂട്ടിവായിക്കാനാമോ?

കവിത



# മൈമൂന



ഹാജറ. കെ. എം

മൈമൂനയെ ഞാൻ
കണ്ടു
ബേബി മെമ്മോറിയലിലെ
പ്രസവ വാർഡിനു മുന്നിൽ

അന്നത്തെ അതേ ചിരി
ഉള്ളിലാഴ്ന്നെത്തുന്ന അതേ
നോട്ടം

മൈമൂനയെ ഞാൻ
അഞ്ചിൽ പഠിപ്പിച്ചിട്ടുണ്ട്
ഇരുപതു വർഷം മുമ്പ്
എന്നിട്ടും
കാലമിത്ര കഴിഞ്ഞിട്ടും
ഞാനവളെ
തിരിച്ചറിഞ്ഞു
ഒറ്റ നോട്ടത്തിൽ...

ഇനിയും ഇരുപതു വർഷം
 കഴിഞ്ഞാലും
ഞാനവളെ തിരിച്ചറിയും
അതും ഒരു പക്ഷേ
ഒറ്റനോട്ടത്തിൽ തന്നെ:..

മൈമൂന അഞ്ചിലായിരുന്നു
ഞാനവളുടെ
ക്ലാസ് ടീച്ചറും

വലുതാവുമ്പോ ആരാവാനാ ഇഷ്ടം എന്ന
എന്റെ പൊട്ടച്ചോദ്യത്തിന്
(എട്ടും പൊട്ടും തിരിയാത്ത ആ പ്രായ
ത്തിൽ എന്തോന്ന് ഭാവി )

അറിയപ്പെടാത്ത
ഭാവിയെ അതിന്റെ വഴിക്കു വിട്ട്
മൈമൂനയുടെ പ്രാക്ടിക്കൽ
മറുപടി:
"ടീച്ചറേ എനിക്ക് ഉമ്മയാവാനാ ഇഷ്ടം...."

ചിരിപ്പൂക്കൾ തുരുതുരാ
കൊഴിഞ്ഞു വീഴുന്ന
ക്ലാസ്സിൽ നിന്നും
മൈമൂനയെ തലചെരിച്ചു നോക്കിക്കൊണ്ട്
ഖദീജയുടെ ന്യായമായ
ചോദ്യം



'എടീ എല്ലാ ജോലിക്കാരും പെറുലേ,,,,, '

മൈമൂനയ്ക്ക് ആലോചിക്കാനുണ്ടായിരുന്നില്ല
'ന്നിട്ടെന്താ മ്മളെ ടീച്ചറ് പെറാത്തത്?'
മൈമൂന എന്നെ നോക്കി
അന്യമായ ഒരു ചിരിയോടെ
ഉള്ളിലേയക്കാഴ്ന്നിറങ്ങുന്ന
 കണ്ണുകളോടെ

എനിക്കു വിയർത്തു....
ക്ലാസിലെ മുപ്പത്തിയഞ്ചു
ജോഡി കണ്ണുകൾ
എന്നെ നോക്കി,,,
പരാജയം ഏറ്റുവാങ്ങി
 എന്റെ കണ്ണുകൾ മടങ്ങി

മൈമൂന ഏഴിൽ നിന്നു
പഠിത്തം നിർത്തി...

കാലത്തിനൊപ്പം
എന്നെ പെണ്ണുകാണലും
 ദൂര ദൂരം
പോയിത്തുടങ്ങി,,,,,

എന്റെ മംഗലം കഴിഞ്ഞു
മൈമൂന പോയിട്ട്
ഇരുപതു സംവത്സരങ്ങളും
കഴിഞ്ഞിട്ട്,,,,

"ദെത്രാമത്യാ.....?
ന്റെ നാലാമത്തെയാ,,,,
നിർത്തിട്ടില്ല.
നിർത്താൻ മൂപ്പര് സമ്മയ്ക്കണില്ല"

മൈമൂന നോക്കി
എന്റെ തൂങ്ങിയാടിയ വയറിലേക്ക്
 അതേ ചിരിയോടെ.......
,
വീണ്ടും ഞാൻ വിയർത്തു
മൈമൂന ലക്ഷ്യം നേടിയിരിക്കുന്നു
ഞാനും
പക്ഷേ .....

തിരിച്ചറിയാൻ പറ്റാത്തൊരു
നഷ്ട നോവ്
എന്നെയൊന്നുലച്ചു

 നോക്കി തോൽപിക്കാൻ
എഴുപതു കണ്ണുകൾ ചുറ്റുമില്ലല്ലോ
എന്നൊരാശ്വാസത്തോടെ
ആദ്യമായ്
അത്യധികം ആകുലതയോടെ
അതിലേറെ ഭയപ്പാടോടെ
ഞാൻ മുറിക്കുള്ളിലേക്കു നടന്നു,,,

കൈകൾക്കുള്ളിലൊരു
പാൽ കുഞ്ഞുമായ്
നിറഞ്ഞ നിലാച്ചിരിയോടെ
നിസ്സംഗതയോടെ
നിർവൃതിയോടെ
മൈമൂന പുറത്തേക്കും

കവിത

# യാത്രാമുഖം





വിനീത ബിജു

ദീർഘദൂര യാത്രയിലെ
ഒരേ കമ്പർട്ടുമെന്റിലെ
പലവികാരങ്ങളുടെ
ചൂളം വിളിയിലൊന്നു
കാതോർക്കുക...

സൈഡ് സീറ്റിന്റെ
ഓരം ചേർന്ന്
പുറത്താർത്തു പെയ്യുന്ന
മഴച്ചിത്രങ്ങളിൽ
തന്റെ പൂർവ്വകാലങ്ങളെ
തിരഞ്ഞൊരു സ്വപ്ന സഞ്ചാരി...

ചടുലതാളങ്ങളുടെ
കൗമാരവും പേറി
ഹെഡ്ഫോൺ
സംഗീതത്തിനൊപ്പം
നീട്ടിവളർത്തിയ
നിറം മുക്കിയ മുടിയിഴകൾ
ഇടയ്ക്കിടെ മാടിയൊതുക്കി
കാറ്റ് കലഹം കൂട്ടുന്ന
ഡോറിനരികിൽ
ആകാശത്തിന്റെ
അതിരുകൾ തേടി
രണ്ടു ഫ്രീക്കൻ കണ്ണുകൾ....

പ്രണയം ചോപ്പിച്ച
പതിഞ്ഞ ചിരിക്കൊഞ്ചലുമായ്
ഉറക്കച്ചടവ് കോറിയിട്ട
നേർത്ത ശബ്ദം
കണ്ണ് ചിമ്മാതെ കറങ്ങുന്ന
കൊച്ച് ഫാനിന്റെ
വേഗതയ്ക്കൊപ്പം
കാതങ്ങൾക്കപ്പുറം
എവിടെയോ
ഒരുവന്റെ ചെവിയിൽ
രഹസ്യം പറഞ്ഞു
അടക്കിച്ചിരിക്കുന്ന
ഒരു പ്രണയിനിയുടെ
ഹൃദയമിടിപ്പ്
തലക്കുമീതെ ശയിക്കുന്നു....

പലചരക്കുപ്പീടികയിലെ
പറ്റുബുക്കിന്റെ
പരിഹാസച്ചിരിയും
കുടിശ്ശിക വരുത്തിയ ലോണിന്റെ
കരുണ വറ്റിയ നയനങ്ങളും
പ്രകാശം നിലച്ചു
തിമിരം മൂടിയേക്കാവുന്ന
മൂന്നു മുറിപ്പുരയുടെ
ഉൾക്കളങ്ങളും
പേക്കിനാവ് കണ്ടു നടുങ്ങി
ഉണരുന്ന ഗൃഹനാഥൻ...

വീടെത്തിയാൽ വീണ്ടും
യന്ത്രമാകുവാൻ
തളർച്ചകളെ ഊർജമാക്കി
നടുനിവർന്നിരുന്ന്
ചിന്താഭാണ്ഡം
തുറന്നൊരു വീട്ടമ്മ...

നിത്യവും മേലുദ്യോഗസ്ഥന്റെ
പുലഭ്യം തലയിലേറ്റി
ശിരസ് കുനിഞ്ഞുപോയ
നിസ്സഹായതയുടെ
പുളിച്ചു തികട്ടലുകൾ
മിന്നലാട്ടം നടത്തുന്ന
ചുളിയാത്ത ഷർട്ടിനുള്ളിലെ
ഒരു തൊഴിലാളി മുഖം...

ഇരുന്നും നിരങ്ങിയും
പിച്ചപ്പാത്രം നീട്ടിയും
തളർന്നുപോയ അരക്കെട്ട്
വലിച്ചേന്തി ദൈന്യതയുടെ
മുഖപടങ്ങൾ ചാർത്തിയ
മുഷിഞ്ഞ കുപ്പായങ്ങൾക്കുള്ളിലെ
ഈഴഞ്ഞു നീങ്ങുന്ന ജീവിതങ്ങൾ...

അങ്ങനെയങ്ങനെ
കൂവിപ്പായുന്ന ബോഗികളിൽ
ചൂടുചായയ്ക്കും വടയ്ക്കും
ബിരിയാണി മണങ്ങൾക്കുമൊപ്പം
പച്ച ജീവഗന്ധങ്ങളും
നിറഞ്ഞു പരക്കാറുണ്ട്...



കവിത

# മിഴികൾ



ഷബ്ന അബൂബക്കർ

ദൈവത്തിന്റെ ഓരോ കയ്യൊപ്പും
എത്രമേൽ അത്ഭുതമണല്ലേ???
ഓരോ സൃഷ്ടിയിലും എത്രയെത്ര
നിഗൂഢതകൾ..

മിഴികളിൽ നോക്കൂ..
എത്ര ഭാവങ്ങൾ...

പ്രകാശമാണ് മിഴികൾ..
പിറന്നു വീഴുന്ന കുഞ്ഞിലും,
ജന്മം നൽകിയ അമ്മയിലും
നിറയുന്ന, സംതൃപ്തിയുടെ,
സന്തോഷത്തിന്റെ പ്രകാശം!

ആകാശമാണ് മിഴികൾ..
നിലാവ് പുഞ്ചിരി തൂകുന്ന,
നക്ഷത്രങ്ങൾ മിന്നുന്ന
തിളക്കമാർന്ന,
വിശാലമായ ആകാശം

പുഴയാണ് മിഴികൾ...
പിടക്കുന്ന പരൽമീനും,
കരയ്ക്കടുപ്പിച്ചു
മനോഹരമായ
കുറ്റിച്ചെടികളുമുള്ള
കവിഞ്ഞൊഴുകുന്ന പുഴ

മഴയാണ് മിഴികൾ..
ആർത്തലച്ചു പെയ്ത്.
ചാറ്റൽ മഴയായ് ഇറ്റി വീഴുന്ന,
കവിളിലൊരു അരുവി
തീർക്കുന്ന മഴ

കടലാണ് മിഴികൾ..
ആഴങ്ങളിൽ നിഗൂഢതയും,
ചുഴികളും നിറഞ്ഞ,
പുറമോടിയിൽ മനസ്സ്
കീഴടക്കാൻ മാത്രം
മനോഹാരിത ചിന്തുന്ന,
ഉപ്പിൻ തിരയടിക്കുന്ന കടൽ

പ്രളയമാണ് മിഴികൾ..
നിർത്താതെ പെയ്ത്
പ്രിയപ്പെട്ടവയൊക്കെ
കവർന്നെടുക്കുന്ന,
കദനങ്ങൾ നിറക്കുന്ന,
നഷ്ടങ്ങൾ സമ്മാനിക്കുന്ന പ്രളയം

മഞ്ഞാണ് മിഴികൾ..
അത്രമേൽ കുളിരു പെയ്യുന്ന,
അത്രമേൽ പ്രണയം ഒഴുക്കുന്ന മഞ്ഞ്

അഗ്നിയാണ് മിഴികൾ..
തൊട്ടാൽ പൊള്ളിക്കുന്ന,
ജ്വലിക്കുന്ന താപത്താൽ
അടുക്കാൻ പോലും
ഭയക്കുന്ന അഗ്നി!

മുകുളമാണ് മിഴികൾ..
നിദ്രയിലാ മിഴികൾ മുകുളമാണ്.
കൂമ്പി നിൽക്കുന്ന,
വിടരാൻ വെമ്പുന്ന,
പ്രതീക്ഷയുണർത്തുന്ന മുകുളം!

ഇരുട്ടാണ് മിഴികൾ..
മൃതിയിൽ.
കട്ട ഇരുട്ട്,
നിഴൽ പോലും കൈവിട്ട,
ഏകാന്തതയാൽ
ഭയപ്പെടുത്തുന്ന കൂരിരുട്ട്!

# മേഘങ്ങളുടെ 'ജിഹാദ്'





ഡോ. അജയ് നാരായണൻ

അകലെ...
അങ്ങകലെ
ഉരുണ്ടുകൂടുന്നുണ്ട്
അസ്വസ്ഥത!

പേരറിയാവ്യഥകൾ കറുത്തിരുളുന്നു,

കാർമേഘപ്പടയാളികൾ
പ്രപഞ്ചമാകെ
കൂവിയാർത്തൊഴുകുന്ന ശബ്ദമല്ലേ
ഈ കേൾക്കുന്നത്?

ഇടയ്ക്കിടെ ഒരു ബറ്റാലിയൻ
ഉരുൾപൊട്ടിയൊഴുകുന്ന
ഗർജ്ജനം കേട്ടുവോ,
"ജിഹാദ്!"

മേഘങ്ങളിൽ തെളിയുന്ന
മുഖങ്ങൾ നോക്കൂ,
കൗമാരം വിരിഞ്ഞ കൗതുകമേഘങ്ങൾ,
യൗവനം തുടുത്ത കാമനവർണ്ണങ്ങൾ,
പ്രതികാരത്തിന്റെ
കാർഷ്ണ്യമേഘങ്ങൾ,
അസ്വസ്ഥതയാൽ ചീർത്ത
മഴമേഘങ്ങൾ,
ചിന്താഭരമായ നരച്ചമേഘങ്ങൾ...
എല്ലാം പെയ്തൊഴിയും നേരമിതാ
വന്നണഞ്ഞു,
"ജിഹാദ്..."

ദൂരേ,
കണ്ടുവോ കൊള്ളിമീൻ?
മേഘങ്ങൾ പരസ്പരം
സന്ദേശങ്ങൾ കൈമാറി

തോളിൽ തൂക്കിയിട്ട തോക്കുകൾ
നിറയൊഴിഞ്ഞപ്പോൾ
ഉൽക്കകളുലഞ്ഞു
ഉറവയെടുത്തചോര
ഒന്നായുരുകി ഭൂമിയിൽ
സംഭവിച്ചതാത്രെ പ്രളയം!

ആർക്കും ഒന്നുമറിയില്ല
ഭൂമി ചിതറി
വിള്ളൽ വീഴുന്ന കരയിൽ
അള്ളിപ്പിടിച്ചു
ഉറുമ്പുകൾ ക്ഷമയോടെ
തൂങ്ങിക്കിടന്നു.
ചിലത് വെള്ളത്തിൽ
പൊങ്ങിക്കിടന്നു.

പ്രത്യാശയുടെ ഒരിലയെങ്കിലും
ഒഴുകിവരുന്നുണ്ടോ ആവോ...

എന്നിട്ടോ മുത്തശ്ശാ,
പാവം ഉറുമ്പുകൾ ചത്തുപോയോ?

കഥയല്ലേ കുട്ട്യോളേ,
കാണാൻ നല്ല രസാണ്
കോഴിവാലൻപൂ പോലെ
ഉറുമ്പുകളുടെ ജീവൻ
അങ്ങനെ തൂങ്ങിക്കിടക്കുമ്പോൾ...
ദാ... കേട്ടില്ല്യേ, വീണ്ടും വെടിയൊച്ച...
മേഘങ്ങൾ അടുത്തെത്തി...
'കഥ' കഴിഞ്ഞു!

നല്ല മഴ!
ഇടീം മിന്നലും ണ്ട്
ഇനിയൊറങ്ങാ,
മിണ്ടാണ്ടെ കെടന്നോളൂട്ടോ
പേട്യാച്ചാ 'അച്ചുതം കേശവം' ചൊല്ലിക്കോളൂ...



# അഞ്ചിതൾ പൂവ്

അഞ്ചിതൾ പൂവിൽ
ഒരിതൾ കൊഴിഞ്ഞ
വേദനയാണേറെ
ഓരോ ഇതളുകൾക്കും
കൊഴിയാറായ വേദന.
വിടർന്നു സുന്ദരിയായ്
സുഗന്ധം പരത്തുമ്പോൾ
അവൾ നല്ലതായിരുന്നു.
ഒരിതൾ കൊഴിയുമ്പോൾ
പൊഴിച്ച കണ്ണുനീരറിയാതെ
സ്വയം തീർത്ത സ്നേഹ-
ചക്രവ്യൂഹത്തിൽ
മങ്ങലേൽക്കാതെ
പൊയ്മുഖം മറച്ചു
ചിരിതൂകി നിൽക്കുവാൻ
ഇനിയാരും
വേദനിക്കാതിരിക്കുവാൻ
കൊഴിയാൻ തയ്യാറാവുന്ന
പാവം പെൺപൂവ്



രമ്യ സജീഷ് എയ്യാൽ

# മഴ

നനുത്ത തണുപ്പാണു മഴക്ക്
എങ്കിലും നിന്റെ അധരത്തിന്റെ
ചെറുചൂടോർക്കുമ്പോൾ
കണ്ണീർതുള്ളിയാൽ
കാഴ്ചകൾ മങ്ങുന്നുവോ?
എവിടെയോ പറഞ്ഞു
ബാക്കിയായ്
പോയൊരു
കഥയായ്
മാത്രം നീ മാറുകയായ്.
അതിൽ ഇനിയും
യോജിക്കുവാനാവാത്ത
രണ്ടു നേർരേഖകൾ
മാത്രമായ്
നാം.
നിന്റെ വിരൽ തുമ്പിനാൽ
വിരിയുന്ന
പ്രണയമായ് മാറാൻ
ഈ മഴയിലും
ഞാൻ
കാത്തിരിപ്പൂ

# നദികളുടെ നന്മകൾ

കവിത



വി.പി.ജോൺസ്

കാലം പോലനുസ്യൂതം
പാഞ്ഞുപോകുന്നൂ നദികൾ
പോയ കാലത്തിൻ തിരമാലകൾ

എത്ര രാപ്പകലുകൾ
ഉന്മത്തമീ ജലരാശികൾ!
കടലായ്, സമുദ്രമായ്, സാഗര
ത്തനിമയായ് ഉണ്മയിലുയർച്ചയായ്
ഒഴുകിപ്പരക്കുന്നവിരാമം

ആഴമേറുമരുവിയായ്
അതിഥിപ്പാലത്തിന് മീതെയും
ഓടിക്കൊണ്ടേയിരിക്കുന്നു
ഓർക്കാപ്പുറത്തീ വെള്ളം!

യാത്രകൾ, പ്രയാണങ്ങൾ
അനിയന്ത്രിത സഞ്ചാരം
മഴനൂലുകൾ, മഴത്തുള്ളികൾ
മാനത്തുനിന്നു വന്നെത്തും
വഴിവിട്ടുള്ള ജലച്ഛായം

എത്രമേൽ ഭിന്നങ്ങളീ
ജലരാശികൾ ഓർക്കുകിൽ
റഷ്യയിൽ ഡോണും, വോൾഗയും
ലണ്ടനിൽ തേംസ് എന്നു പേർ
ജർമ്മനിൽ റെയ്നായിട്ടും
ഫ്രാൻസിൽ സീറാ നദി.
ഈജിപ്തിൽ നൈൽ,
ടൈഗ്രീസ്, യൂഫ്രട്ടീസ് മെസോ
പ്പൊട്ടോമ്യൻ തടങ്ങളിൽ
ഗംഗയും യമുന, കാവേരി, കൃഷ്ണ
ബ്രഹ്മപുത്രയായിന്ത്യയിൽ
ചൈനയിൽ ഹൊയാങ്ങ് ഹോയും
നദികൾ നാടിൻ ജീവനാഡികൾ

# യാത്രയിൽ




കെ. സന്തോഷ്

നഗരം... നട്ടുച്ച...
ബഹളം... ലഹളപോൽ...
കുതിയ്ക്കും ബസ്സിൽ ഞാനും
തിരക്കിൽ കിതയ്ക്കുന്നു.
ഇനിയും എത്തേണ്ടിടം
കൂട്ടുന്നു കുറയ്ക്കുന്നു,
തുടരും യാത്രയൊരു
മുഷിപ്പൻ റീലാകുന്നു.

പൊടുന്നനെ ബസ്സ്
സഡൻ ബ്രേക്കിടുന്നു
കാര്യമെന്തെന്നറിയാൻ
ജിറാഫിൻ കഴുത്തുകൾ.
എന്റെ ജനാലയോരം
മറ്റൊരു ബസ്സ് നിൽക്കുന്നു:
അതിൽ നിന്നൊരാളെന്നെ
നോക്കുന്നു! ചിരിക്കുന്നു!
അത്രമേൽ പരിചിത--
മെന്നപോൽ മുഖഭാവം
അത്രമേൽ ഹൃദ്യമായ്
ഒരാൾക്ക് ചിരിക്കാമോ!
ആ ബസ്സ് മുന്നോട്ട്
നീങ്ങി കൺമറയുന്നു...

എങ്കിലും ആ ചിരി
എവിടെയോ കണ്ടപോലെ
സൗഹൃദത്തിന്റെ ഗ്രൂപ്പ്
ഫോട്ടോയിൽ തിരയുന്നു,
ഓർമ്മകൾ വലിച്ചു--
വാരിക്കുടഞ്ഞിടുന്നു
കണ്ടുകിട്ടുന്നേയില്ല,യെങ്കിലും
അത്രമേൽ നിഷ്കളങ്ക-
മാമൊരു ചിരിനൽകാൻ
എങ്ങോ,യെവിടെയോ
ഒരാളുണ്ടന്നോർക്കെ,
ജീവിതമൊരു വെറും
മടുപ്പൻ യാത്ര,മാത്ര--
മല്ലന്നറിവൂ ഞാൻ!..





# ആരു നീ,

ഒട്ടു നാളതിൻ മുന്നേ ചെറുപ്പത്തിൽ
ഇഷ്ടമായോരാ
കാനന ജ്യോത്സ്നതൻ
ചോട്ടിലായ്
കാറ്റിലിറ്റിടും പൂവിനെ
കൈക്കുടന്നയിൽ
വാരി ഞാൻ പുല്കവേ
ഓടിവന്നെന്റെ
കണ്ണുകൾ
പിന്നിൽനിന്നൊന്നുമെ
കണ്ടിടാത്ത വണ്ണം
മൃദു പാണികൾ കൊണ്ട്
പൊത്തിപ്പിടിച്ചൊരാ
കൊച്ചുസുന്ദരിയാരിവൾ തെന്നലോ.

കൈവിരൽ തുമ്പിൽ നിന്നും
തെറിച്ചെന്റെ
കണ്ണിൽ
വീണോരി പൂമ്പൊടി ചിന്തുകൾ.
മാരിപെയ്യിച്ച
നീർമിഴി തുള്ളിയാൽ
മങ്ങി
മഞ്ഞുപോലെന്റെ കാഴ്ചകൾ.

ഞെട്ടി ഞാൻ തിരിഞ്ഞൊന്നു
നോക്കുമ്പോൾ
തട്ടിമാറ്റി
കടന്ന് പോകുന്നവൾ
ചിന്നിമാറിയ
കൂന്തലെൻ മേനിയിൽ
തെന്നലായ് തലോടി കടന്നങ്ങു പോയ്.

കണ്ടതില്ല ഞാൻ കസ്തൂരി മാനിന്റെ
സ്വർണ്ണവർണ്ണമാം പുള്ളികൾ പോലുമേ
കേട്ടതില്ല
ഞാൻ പഞ്ചമം പാടുന്ന
കോകിലത്തിന്റെ നാദ പ്രപഞ്ചവും.
എമങ്കിലെന്തു നിൻ രൂപമില്ലെങ്കിലും
കണ്മയക്കുന്ന
കാഴ്ചയില്ലെങ്കിലും
സ്നേഹമൂറും
നിൻ ചന്ദനഗന്ധത്തിൽ വാസന തൂവി
വീശുന്നു ചുറ്റിലും ഹൃത്തിലും



പാളയം അനിൽകുമാർ

കഥ

# നായ



നിഥിൻകുമാർ ജെ പത്തനാപുരം

**നി**ത്യവും തോരാത്ത മഴ. മറ്റൊരു പ്രളയത്തിന്റെ മുന്നൊരുക്കം. പെയ്തു തീരാത്ത മഴമൊത്തം നനഞ്ഞ് കയറിവന്ന നായയോട് ഒരു സഹതാപം തോന്നി അശോകന്. ആട്ടിയോടിക്കാതെ അതിനെ തന്നെ അൽപനേരം നോക്കി നിന്നു അശോകൻ. ഒട്ടിയവയറും മെലിഞ്ഞ ശരീരവുമുള്ള ഒരു കറുത്തനായ. വല്ലതും കഴിച്ചിട്ട് ദിവസങ്ങളായെന്നു തോന്നുന്നു. കനത്ത മഴയിലെവിടെയും ഭക്ഷണമില്ല. എച്ചിൽ കൂനകൾ മഴവെള്ളത്തിലൊഴുകി മാഞ്ഞു. നഗരം തന്റെ മാലിന്യ സമ്പത്ത് മഴവെള്ളത്തിന് വിറ്റുകഴിഞ്ഞു. മഴവെള്ളമത് പുഴക്കും പുഴയത് സമുദ്രത്തിനു മറിച്ചുവിറ്റു. ഇവർക്കിടയിലെ കച്ചവടത്തിൽ പട്ടിണിയിലായത് അനേകം തെരുവിന്റെ സ്വന്തം ജീവനുകളാണ് .

ദിവസങ്ങളായി തെരുവ് നായകൾ പട്ടിണിയിലാണ്. അവറ്റകൾക്ക് ആകെയൊരു ആശ്രയം വീടുകളിലും പരിസരങ്ങളിലും കയറിയിറങ്ങുക മാത്രമാണ്. പക്ഷെയതിന്റെ കഷ്ടപ്പാട് അത്രമാത്രമാണ്. മനുഷ്യന്മാരുടെ ക്രൂരതകൾ ചെറുതല്ല. പക്ഷെ ജീവൻ നിലനിൽക്കാൻ ഭക്ഷണം വേണം. തെരുവിൽ നിന്നും നായകൾ വീടുകൾ തേടിയിറങ്ങി.. മതിലുകളില്ലാത്ത വീടുകൾ വിരളം. അധികമാരും അനുകമ്പകാണിക്കുന്നില്ല. പലരും ജീവിതം ആഘോഷിക്കുകയാണ്. വിലകൂടിയാ ആഹാരസാധനങ്ങൾ ഓർഡർ നൽകി വാങ്ങികഴിക്കുന്നു.



അശോകൻ നായക്ക് അന്നം നൽകി. മഴനനഞ്ഞ കുളിരിൽ അത് വിറയ്ക്കുന്നതായി തോന്നി. നായ ആർത്തിയോടെ കഴിക്കുന്നതും നോക്കി അല്പം ദൂരെമാറി അശോകൻ നിന്നു. അശോകന്റെ മനസ്സിലൊരുപാട് സന്തോഷം തോന്നി. അയാൾ കുറച്ചു നേരം കൂടിയാകാഴ്ച കണ്ടതിന് ശേഷം അകത്തേക്ക് കയറിപ്പോയി.

മഴ തോർന്നോയെന്നറിയാനായി മുറിയിൽ നിന്നും വാതിൽ തുറന്ന് പുറത്തേക്കിറങ്ങിയ അശോകന്റെ മകൻ മിഥുൻ. അവന്റെ കാതിലെ വിലകൂടിയ ബ്ലൂട്ടൂത്ത് ഒന്നിളകി വീണു.അതിന് ശ്വാസം മുട്ടുന്നുണ്ടാകാം!

മഴ തോർന്നിട്ടില്ല. മുറ്റത്ത് കാർപോർച്ചിന്റെ  ഒരു മൂലക്കായി നായ കിടക്കുന്നത് കാണുന്ന മിഥുന് അറപ്പും ഭയവും തോന്നി. മിഥുൻ, ഇട്ടിരുന്ന ചെരുപ്പെടുത്ത് നായയ്ക്ക് നേരെയെറിഞ്ഞു, ഭയന്ന് നായ പടിക്കെട്ടുകളിറങ്ങി തൊടിയലേക്കൊടി.

‘നാശം..‘

മിഥുൻ മനസ്സിലോർത്തു. അകത്തുനിന്നും ഒരു പഴയകൈലിമുണ്ടുമായി വന്ന അശോകൻ നോക്കുമ്പോൾ നായയെ കാണുന്നില്ല. മഴ നനഞ്ഞുകുതിർന്നു വന്ന നായയ്ക്ക് ഒന്നുറങ്ങാനായി കൊണ്ടുവന്നതയായിരുന്നു തുണി. കൊടുത്ത എല്ലാ ചോറും അത് കഴിച്ചിരുന്നു. ഒന്നോ രണ്ടോ വറ്റ് മാത്രം അവിടെവിടെയായി ചിതറികിടന്നിരുന്നു.

‘ഡാ ഇവിടെ കിടന്ന പട്ടിയെ കണ്ടോ?‘ അശോകൻ മകനോട് തിരക്കി.

‘ഞാൻ അതിനെയോടിച്ചു.‘

മിഥുൻ ഇത്രയും പറഞ്ഞോണ്ട് തന്റെ മുറിയിലേക്ക് കയറി വാതിലടച്ചു.

അശോകൻ കാർപോർച്ചിൽ കൈലിവിരിച്ചിട്ടു.

ദൂരെയൊരു മരത്തിന്റെ മറവിൽനിന്നും തന്നെ നോക്കി നിൽക്കുന്ന നായയെ അശോകൻ കണ്ടു. മഴയിൽ കുതിർന്ന ശരീരമൊന്നു കുടഞ്ഞത് അശോകന്റെ നേരെ പതിയെ,പാതി ഭയത്തിൽ നടന്നടുത്തു. ഒരു പുഞ്ചിരിയോടെ അശോകൻ അകത്തേക്ക് കയറിപ്പോയി.

കഥ

# പാടത്തിനപ്പുറം

**കൊ**ടുങ്കാറ്റിന്റെ വേഗതേല് വന്ന വെള്ളത്തിന്റെ വരവ് ന്റെമ്മേ ന്റെ നെഞ്ചിലെ ഇടി ഇപ്പോം നിക്കണില്ല.എന്തൊക്കെ പറഞ്ഞിട്ടും മനസടങ്ങുന്നില്ല ഒരാഴ്ചയായ് ആകപ്പാടെ പേടിപ്പെട്ത്ത്ന്ന ജീവിതം. ആഞ്ഞടിച്ച് വന്ന മലവെള്ളം കണ്ണിൽ. പ്രാണന്വേണ്ടി അലമുറയിടുന്നവരുടെ ദീന രോധനങ്ങൾ ചുറ്റിലും തിരയായ് അടിച്ചുയരുന്നു.

ചുരുക്കം എഴുന്ന് നിന്ന എല്ലാ മസിലും നിലം പതിച്ചു.

അയ്യോ..ഈ കോളനീലെ എത്രയോ പാവങ്ങളെ വെറും തറയിൽ കെടന്ന് അമ്മ പായവിരിച്ച് ഒറക്കീക്ക്ണ്.

ഈശ്വരാ എന്താ ഇത് ?

ചോയ്ക്കാൻ പാടില്ല എന്നാലും ചോയ്ച്ച് പോവാ എന്നിട്ടും ഈ ഗെതി വന്നല്ലൊ സഹിക്കാൻ പറ്റണില്ല.തന്റെ കണ്ണിലും മനസിലും കുളിര് കോരിയിട്ട കൃഷിയിട ത്തിലെ ലാവണ്യ ദൃശ്യങ്ങൾ വിവേക് വല്ലാതെ കൊതിച്ചു.ഒരു വിത്ത് മുള പൊട്ടിയപ്പോൾ കഷ്ടപ്പാടിൽ നിന്ന് .

അത്ര വലിയ വഴി തിരിവുകളിലേക്കാ ണ് ജീവിതത്തെ കൊണ്ടുപോയത്.

പുഞ്ചിരി അസ്തമിച്ചു പോയ മുഖത്തേക്ക് മന:പൂർവ്വം നോക്കാതെ ന്റെ കുട്ടീ ...

ഒര് കുടുംബം മുഴ് വനും നഷ്ടപ്പെട്ട ജയപ്രകാശ് നെ ഓർത്ത് നോക്കണേ ഇത് കേട്ടപ്പോൾ പതറി കൊണ്ടിരുന്ന വിവേകിന്റെ മനസടങ്ങിയൊ?

മെല്ലെ തല കുലുക്കി അമ്മയ്ക്കടുത്ത് തെങ്ങിൻ തടിയിൽ ഇരുന്നു. കാറ്റും മഴയും തുടച്ചു മാറ്റിയ മണ്ണിൽ അമ്മയുടെ ഒഴുകുന്ന വിയർപ്പ് തുള്ളികൾ വിവേക് കണ്ടു.

പ്രളയം വന്നു ഒരിക്കലും പുനസ്ഥാപിക്കാൻ കഴിയാത്ത വിധം നശിച്ചു പോയ പുരയിടവും 5 ഏക്കർ കൃഷിയിടങ്ങളും ഡാൻസ് മുറിയും നോക്കി വിവേകാനന്ദ് പറഞ്ഞ വാക്കുകൾക്ക് അമ്മ അടി വരയിട്ടിരുന്നു. എങ്കിലും അവനെ ആശ്വസിപ്പിക്കാൻ ആ സ്നേഹനിധിയായ അമ്മ ഒരു തന്ത്രം പ്രയോഗിച്ചു എന്ന് മാത്രം ആ മണ്ണിൽ ഒരു കരിയിലയെങ്കിലും അമ്മ തിരഞ്ഞു കൊണ്ടിരുന്നു.



റസിയ പയ്യോളി

എത്രയോ തൊഴിലാളികളുടെ കുടിലു കളിൽ അടുപ്പ് പുകഞ്ഞത് ഈ മണ്ണിൽ വിയർപ്പൊഴുക്കീറ്റാ അതോർക്കുമ്പാ ഈശ്വരാ..അവരെ വീടുകളിലെ പട്ടിണിയും പരിവട്ടവും എന്തായിരിക്കും.

സഹിക്കാൻ പറ്റണില്ല. ന്റെമ്മ എന്താ പറഞ്ഞെ?

കുട്ടീ എന്താ ജീവിക്കാനൊരു വഴി ദിവസം കാത്ത് ന്ക്കാണ്ട് ഓരോന്നങ്ങനെ പോവാണ്.. വിവേകിന്റെ ചോദ്യത്തെ മറപ്പിക്കാനായി അമ്മ വിഷയം മാറ്റി.

ന്റെമ്മേ ഓലെ ജീവനൊന്നും പറ്റീല്ല എവ്ടേങ്കിലും തരി മണ്ണ് കിട്ടിയാൽ എല്ലാരേം



കൂടെ കൂട്ടും ജീവിക്കാനൊരുവഴി തൊറന്ന് കൊട്ക്കലല്ലെ ഏറ്റം വലിയ പുണ്യം.ഒക്കെയും പഠിപ്പിച്ചല്ലെ അച്ഛനും പോയത്.അച്ഛന്റെ സിലബസിൽ നോക്കി ഓർത്തെടുത്തു.

അതാ ന്റെ സമാധാനം. അമ്മയും മകനും പരസ്പരം ആശ്വസിപ്പിച്ചു കൊണ്ടിരുന്നു. മുള പൊട്ടിയ വിത്തിൽ നിന്ന് ആകാശചരിവോളം പടർന്ന് കയറിയ പ്രാണ വള്ളി നോക്കിയാണതൊക്കെയും അവർ പറയുന്നത്.

ഇനി ജീവിക്കാനൊരു വഴിയാണ് വേണ്ടത് എന്താമ്മേ ഒരു വഴി?

നിഷ്കരുണം മലവെള്ളം എടുത്തോണ്ട് പോയതിൽ ശേഷിക്കുന്ന മണ്ണ് നോക്കിയാണ് ആ ചോദ്യം.

മാലിനി തെരുവില് ഒരു ചായ പീഡ്യ തൊടങ്ങണം.ന്റെ ചിന്തേല് അതാ വെര്ന്നത്.ഉത്തമനായ കർഷകനിൽ നിന്ന് പാചകക്കാരനിലേക്ക് അമ്മേന്റെ മോന് പരിണാമം സംഭവിച്ചു അത്ര തന്നെ അല്ലാണ്ട് മറ്റൊരു വഴി യൂല്ല.

അമ്മയ്ക്ക് ഇഷ്ടപ്പെട്ടില്ലെന്നറിയാം അയ്യോ ന്റെ കുട്ടീ..എന്താ പറഞ്ഞത്?

നിന്റെ ഉള്ളിലെ കർഷകൻ എവ്ട പോയ്.ന്റെ മോൻ മ്ണ്ടണ്ട നിക്കിനി ഒന്നും കേക്കണ്ട .

അല്ലാതൊര് വഴിയൂല്ലമ്മേ ദേഷ്യവും സങ്കടവും നിറഞ്ഞ മനസാലെ വിവേക് തെങ്ങിൻ തടിയിൽ കൈ ഊന്നി അമ്മ വിതുമ്പി.മനസിൽ മുഴുവനും കൃഷിയിടത്തിൽ കുന്നു കൂടിയ ഫലങ്ങൾ. ഈശ്വരാ എല്ലാം എത്ര പെട്ടെന്നാ.

കിട്ടുന്നിടം കൃഷിക്കനുയോജ്യമാക്കി നല്ല കർഷകനായി തന്നെ ജീവിക്കാൻ എന്റെ മോൻ പഠിക്കണം.എന്താ? അമ്മ വിവേകിനെ പിടിച്ചു കുലുക്കി.

വിവേകേട്ടാ അമ്മ പറയ്ന്നതാ ശെരി കൃഷി എന്റെ പ്രാണനാണെന്ന് വിവേകേട്ടൻ പറയ്ന്നത് ഒക്കെയുംമറന്നൊ?

വല്ല്യമാമ സഹിക്കൂല അതോർക്ക് ന്നത് നല്ലതാ. ഒന്ന് നല്ലോണം ചിന്തിയ്ക്ക് .

വിവേകും അമ്മയും തമ്മിലുള്ള സംഭാഷണം കേട്ട് കൊണ്ടിരിക്കെ മുറപെണ്ണ് അല്ലി പറഞ്ഞു.വടക്കൻ കേരളത്തിൽ നിന്ന് വന്ന് രണ്ടാഴ്ചയായ് അല്ലി ഈ തരിശ് മണ്ണിൽ ഒരേ നിൽപ്പാ ഊണില്ല ഉറക്കില്ല ജീവൻ നിലനിർത്താൻ മാത്രംഭക്ഷണം. ജീവനായ് സ്നേഹിക്കുന്ന പുരുഷന് വേണ്ടി പെണ്ണ് ഇങ്ങനെയായിരിക്കണമെന്നാണ് ഈ മാതൃക കാഴ്ചക്കാർക്ക് കൊടുത്തത്.

അമ്മയുടെയും അല്ലിയുടേയും വാക്കുകൾ കേട്ട് അസ്വസ്ഥനായ വിവേക് സുദീർഘമായ ആലോചനയിൽ തല താഴ്ത്തിയിട്ടു. കണ്ണുകൾ ചിമ്മിയും പൂട്ടിയും ഇരുന്നു. ആഞ്ഞു കൊത്തിയ വിധിയുടെ പിടച്ചലിൽ അവൻ ഉരുകുന്നു. ഓർമ്മകളുടെ കൂടാരത്തിൽ പുതപ്പിച്ചുറക്കിയ അച്ചൻ കണ്ണിൻ മുന്നിൽ വിളിക്കാതിരുന്നിട്ടും വന്നു നിന്നു.

കർഷകനെ ശ്വാസത്തിൽ പേറിയ എനിയ്ക്ക് എന്താ സംഭവിച്ചത്.അമ്മ ക്ഷമിക്കണം.കുന്നും പുറത്ത് മലേലും അതിനോട് ചേർന്ന തൊടീലും കൃഷി ഇറക്കണം നിക്ക് കർഷകനായാൽ മതി.എന്നും കൃഷിയിടങ്ങളിലേക്ക് തുറന്നു വെച്ചകണ്ണുകളാണെന്റേത്.

ഈ വിത്തും കൈക്കോട്ടും എന്റെ പ്രാണനിൽ ഒരിക്കലും മങ്ങാത്ത നിറങ്ങൾ തേച്ചു വെച്ചിട്ടുണ്ട്. തളം കെട്ടിയ മൗനം പൊട്ടി പോയി. മനസ് പല ഭാഗങ്ങളിലേക്ക് പിടുത്തം വിട്ടോടുന്നമ്മേ അത് കൊണ്ടാ അമ്മ ഇഷ്ടപ്പെടാത്ത ഓരോന്ന് പറഞ്ഞ് പോകുന്നത് വിവേക് അമ്മയെ ചേർത്ത് പിടിച്ചു.

മോനേ അച്ഛന്റെ ജീവശ്വാസം ഈ മണ്ണിലാ കെടക്ക്ന്നത്. അച്ഛന് കൊടുത്ത വാക്കല്ലെ അത് എന്റെ മോൻ പാലിക്കണം.ആ മണ്ണിൽആകെ ശേഷിച്ച പുളിമര ചുവട്ടിലേക്ക് അമ്മയുടെ കൈയും പിടിച്ച് വിവേക് നടന്നു. ആ മണ്ണിൽ ഒരു പുൽകൊടി യെങ്കിലും അവർ വല്ലാതെ കൊതിച്ചു. എന്റെ മോൻ അലഞ്ഞു തിരിയരുത്. ജീവിതം കെട്ടി പൊക്കാൻ കൃഷിയോളം മികച്ചതായി ഒന്നുമില്ല.

ഓരോ വിത്തും ഓരോ ജീവനല്ലേ മോനേ.വിത്തും മണ്ണും ലക്ഷ്യം വെച്ച് അവന്റെ ഹൃദയം പറന്നു തുടങ്ങിയിരിക്കുന്നു.

നിക്കറിയ വിവേകേട്ടൻ യുക്തി ഭദ്രമായി തീരുമാനമെടുക്കുന്നയാളാന്ന് തങ്ങളുടെ പ്രണയത്തിലേക്ക് കൂടി തിരിഞ്ഞു നോക്കിയാണ് അല്ലി അത് പറഞ്ഞത്. നിർവിഘ്നം അത്രയ്ക്ക് സുന്ദരമായൊഴുകുന്നു അവർക്കിടയിലെ പ്രണയ നദി . ●